# പ്രതിധ്വനി

## ഡിജിറ്റൽ മാഗസിൻ

## ജി എച്ച് എസ് കുന്നത്ത



Our Motto ***"If you think positively,you can change the world according to you"***

# ഉള്ളടക്ക പട്ടിക


പത്രാധിപസമിതി 1

സന്ദേശം 2,3

ഗ്രന്ഥ പരിശോധന്റെ കുറിപ്പ് 4

ഗുരുദക്ഷിണ 5

അനിത ടീച്ചറെക്കുറിച്ച് 6

കനകലത ടീച്ചറെക്കുറിച്ച് 7

കൂനത്തറയിലെ ഈ സരസ്വതി നിലയത്തിന്റെ നാൾവഴികളിലൂടെ 8-10

ചിത്രരചനകൾ 11-13

രാത്രിയിൽ ഒരു യാത്ര 14,15

ശേഖര വെങ്കിട്ടരാമൻ എന്ന സി വി രാമൻ 16

അർജ്ജുനന്റെ നേതൃത്വം 17,18

സ്റ്റുഡൻറ് പോലീസ് 19-21

വൃക്ഷത്തെ സ്നേഹിച്ച കുരങ്ങൻ 22

കേരള നവോദ്ധാനത്തിന്റെ ചില ചിത്ര ശേഷിപ്പുകൾ 23,24

**Vaikom Muhammed Basheer 25,26**

ആൽബം 27-49

ഒരു മഹാ പ്രളയത്തിന്റെ ബാക്കിപത്രം 50-55

പെൻസിൽ ഡ്രോയിങ് 56

ആൽബം 57-63

പുസ്തക നിരൂപണം 64,65

മഹത് വചനങ്ങൾ 66-68

അവയിലെ അക്ഷര മുത്തശ്ശി (കവിത) 69

കാർട്ടൂൺചിത്രം 70

നിഴൽ തോൽപാവക്കൂത്ത് ചരിത്രം 71-74

ദിൽജിത്തിന്റെ ചിത്രരചന 75

2018 ക്ലാസ്സ് വൈസ് ഫോട്ടോസ് 76-83

കവളപ്പാറ ദേശം ചരിത്രം 84-87

മുരളി സാറിനെക്കുറിച്ച് 88,89

**Little Kites 90,91**





Our Motto *“If you think positively,you can change the world according to you”*

# പ്രതിധ്വനി

GHS koonathara @

# ഉള്ളടക്കപട്ടിക

തുടർച്ച


കുനത്തറയിലെ അരയാൽ
മുത്തശ്ശിയുടെ ഭാവമാറ്റങ്ങൾ 91,92

Staff Photo & PTA
Executive Committee Photo 93

വാണിയംകുളം
കന്നുകാലി ചന്ത 94,95


വരിക്കാശ്ശേരി മന
നഷ്ട പ്രതാപത്തിന്റെ ഐശ്വര്യം 96,97

വിസ്മൃതിയിലാണ്ടുപോയ ഒരു
ചരിത്രശേഷിപ്പ്
ഹെർമൻ ഗുണ്ടർട്ട് ബംഗ്ലാവ് 98

ഓഡിയോ കേൾക്കാൻ ഇവിടെ ക്ലിക്ക് ചെയ്യുക

സ്വാഗത ഗാനം

വിഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക




മഹാത്മാ ഗാന്ധിയെക്കുറിച്ച് കൂടുതൽ അറിയാൻ

ഇവിടെ ക്ലിക് ചെയ്യുക

# പ്രതിധ്വനി

Little KITES @ GHS koonathara

# പത്രാധിപസമിതി

**മുഖ്യ രക്ഷാധികാരി**
*എം ജയ കല ടീച്ചർ*

**മുഖ്യപത്രാധിപൻ**
*എ എസ് അഗസ്റ്റിൻ മാഷ്*

**സഹപത്രാധിപ**
*കെ വി സുമതി ടീച്ചർ*

**പത്രാധിപസമിതി അംഗങ്ങൾ**
*വി ശിരോമണി ടീച്ചർ*
*കെ പി പ്രിയ*
*കെ പി ബാലൻ*
*രഞ്ജിത്ത് ടി*
*അഖിൽ*

**പുറം പേജ് ഒരുക്കിയത്**
*എ എസ് അഗസ്റ്റിൻ മാഷ്*

**തയ്യാറാക്കിയത്**
*ലിറ്റിൽ കൈറ്റ് യൂണിറ്റ്*
*@ ജി എച്ച്എസ് കുനത്തറ*

Our Motto ***"If you think positively,you can change the world according to you"***



സന്ധ്യ ടീച്ചർ
പാലക്കാട് ജില്ലാ പഞ്ചായത്ത് മെമ്പർ

Voice message

നാരായണികുട്ടി (സന്ധ്യടീച്ചർ)
മെമ്പർ
വാണിയംകുളം ഡിവിഷൻ
പാലക്കാട് ജില്ലാ പഞ്ചായത്ത്
ഫോൺ : 9633132591

[illegible]
[illegible] വീട്
[illegible] പി.ഒ.
[illegible] വഴി
പിൻ - 679 521

തീയതി 29.11.2018.

കൂനത്തറ ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ഒരു ഡിജിറ്റൽ മാഗസിൻ പ്രകാശനം ചെയ്യുന്നു എന്നറിഞ്ഞതിൽ സന്തോഷം. ഗതകാല-സ്മരണകൾ എന്നും ഓർക്കാനുള്ളതു ചുവടു വയ്പിന്റെ കരുതിപ്പുകളാകുക മാത്രമല്ല, മറിച്ച് നടക്കുന്ന പ്രവർത്തനങ്ങളുടെ സാക്ഷ്യപ്പെടുത്തലുമാവുന്നു. കേരള സർക്കാർ പ്രഖ്യാപിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിജയം കൊയ്ത ഈ കാലയളവിൽ ഇതിന് വളരെ കാലിക പ്രസക്തിയുണ്ട്. കഴിഞ്ഞ ഇന്നലെകളെ അറിവും, ചിത്രങ്ങളും കൂടി നല്ലൊരു നാളെയുടെ ഓർമ്മപ്പെടുത്തലു-കളാക്കാൻ പരിശ്രമിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ. അതിൽ ഭാഗഭാക്കാവാൻ സാധിച്ചതിലുള്ള അനൽപമായ ആത്മസംതൃപ്തിയും കൃതാർത്ഥതയും അറിയിക്കുന്നതോടൊപ്പം തന്നെ മാഗസിന് എല്ലാ ആശംസകളും നേരുന്നു.

Sandhya Tr.

# പ്രതിധ്വനി

GHS koonathara @ Little KITES



കെ പി ബാലൻ
പി ടി എ പ്രസിഡന്റ്

for voice message

പൊതുവിദ്യാലയങ്ങൾ
മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെ
ആവിഷ്കരിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം
നടക്കുന്ന ഈ അവസരത്തിൽ വാർഷികം കൂടി
ഗ്രാമപ്രദേശത്തിലെ ഏക സർക്കാർ ഹൈസ്കൂളായ
കൂനത്തറ സ്കൂൾ അതിജീവനത്തിന്റെ പാതയിൽ
സഞ്ചരിച്ച് അറിവിന്റെ വാതായനങ്ങൾ തുറന്ന്
സമൂഹമദ്ധ്യത്തിൽ നെടും തൂണായി നിൽക്കുന്നു.
വിദ്യാഭ്യാസ മേഖലയിൽ മാത്രമല്ല, സാംസ്കാരിക
മേഖലയിലും, ജീവകാരുണ്യ മേഖലയിലും പ്രവർത്തനങ്ങൾ
ഒറ്റക്ക് വിജയക്കൊടി പാറിക്കുന്ന ഈ സ്കൂൾ
ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ
ഏറെ സന്തോഷമുണ്ടാകുന്നു. സ്കൂളിന്റെ PTA പ്രസിഡന്റ്
എന്നതിൽ ഇതിൽ ഭാഗഭാക്കാകാൻ കഴിഞ്ഞതിൽ
നന്ദിയും, കടപ്പാടും രേഖപ്പെടുത്തുന്നതോടൊപ്പം
ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും അർപ്പിക്കുന്നു.

കെ.പി. ബാലൻ Balan
PTA പ്രസിഡന്റ്



# ഗ്രന്ഥ പരിശോധകന്റെ കുറിപ്പ്

സംസ്കാരം എന്നത് ഒരു ദേശത്തിന്റെ രൂപപെടലിൽ, ചിലതെല്ലാം തിരസ്കരിക്കുകയും, തമസ്കരിക്കുകയും , സംസ്കരിക്കുകയും ചെയ്യുന്നതിലൂടെ രൂപപ്പെടുന്ന മനുഷ്യവർഗ്ഗത്തിന്റെ പൈതൃകമാണ്.

ആ പൈതൃകം എല്ലാകാലത്തും സംരക്ഷിക്കപ്പെടേണ്ടതാണ്.

പൈതൃകമാക്കപ്പെട്ട സംസ്കാരങ്ങളിലൂടെ രൂപപ്പെട്ട മനുഷ്യവർഗ്ഗം തങ്ങളുടെ സംസ്കാരത്തെ തള്ളിപ്പറയുമ്പോൾ, അവൻ പ്രാകൃതനാക്കപ്പെടുന്നു.

നൂറ്റാണ്ടുകളിലൂടെ മലയാളി നേടിയെടുത്ത പുരോഗതിയുടെയും ഐക്യത്തിന്റെയും സംസ്കാരം മാനവരെ ബോധ്യപ്പെടുത്താൻ നമുക്ക്ഒരു മഹാപ്രളയം വേണ്ടിവന്നു. അതിന്റെ മുറിപ്പാടുകൾ നീങ്ങും മുൻപ് , കലാപത്തിന്റെയും വൈരാഗ്യത്തിന്റെയും മുഖമാണ്കാണുന്നത്.

നമുക്ക് ഉറക്കെ പറയാം...............................

"നമുക്കിത് വേണ്ട".

നമ്മുടെ സംസ്കാരങ്ങളും പൈതൃകങ്ങളും നിലനിർത്തികൊണ്ട് ഐക്യത്തിന്റെ രാജവീഥിയിലൂടെ നവകേരള സൃഷ്ടിക്കായി അണിചേരാം.

***ഒന്നുകൂടി ഞങ്ങൾ പ്രൊഫഷണലുകൾ ഒന്നുമല്ല. ഇതൊരു കൂട്ടായ്മയുടെ പ്രവർത്തനമാണ്, കുട്ടികളും അധ്യാപകരുമെല്ലാം ചേർന്നുള്ള പ്രവർത്തനങ്ങളുടെ ആകെത്തുക. തെറ്റുകൾ ധാരാളമുണ്ടാകാം. തിരുത്തലുകളും, നിർദ്ദേശങ്ങളും,അനുമോദനങ്ങളും,അഭിനന്ദനങ്ങളും ഞങ്ങൾ ആഗ്രഹിക്കുന്നു.***

**നന്ദിയോടെ സ്നേഹപൂർവ്വം,**



*എഡിറ്റർ , അഗസ്റ്റിൻ മാഷ്*

# ഗുരുദക്ഷിണ



ആരാണ് നേതാവ്എന്താണ് നേതൃത്വം ? എന്നതിന് ഉത്തരം ഒന്നേയുള്ളൂ ,

അണികൾക്കൊപ്പം കൂടെനടക്കുന്നവനാകണം നേതാവ്,

അണികളെ കൂടെക്കൂട്ടുന്നതാകണം നേതൃത്വം.

കുറച്ചുനാളായി കുനത്തറ സ്കൂൾ ഒരു മയക്കത്തിലായിരുന്നു. തട്ടിയുണർത്താൻ ആരും ശ്രമിച്ചില്ല. ഉണരണമെന്നും , ഉണർത്തണമെന്നും ആർക്കും തോന്നിയതുമില്ല .കാരണം ഉറക്കം സുഖകരമായ ഒരു അനുഭൂതിയാണല്ലോ ?

പുതിയ ഹെഡ് മിസ്ട്രസ് ആയുള്ള *ജയകല ടീച്ചറുടെ* വരവ് അത് മാറ്റിമറിച്ചു .ടീച്ചർ എല്ലാവരെയും തട്ടിയുണർത്തി.ലക്ഷ്യബോധവും, കാഴ്ചപ്പാടും, ലക്ഷ്യം പൂർത്തീകരിക്കാനുള്ള നിശ്ചയവും ടീച്ചർക്കുണ്ട്എല്ലാവരെയും കൃത്യമായി മനസ്സിലാക്കി, ഉത്തരവാദിത്വങ്ങൾ പകുത്തുനൽകി , കൃത്യനിർവഹണത്തിൽ ടീച്ചർ കൂടെ നിന്നു. അതുകൊണ്ടുതന്നെ നമ്മുടെ സ്കൂൾ ഇന്ന് ഉണർവിന്റെ പാതയിലാണ്.

ടീച്ചറുടെ വാക്കുകൾ കടമെടുത്താൽ

"നിങ്ങൾ എന്റെ ഒപ്പം എന്നതിനേക്കാൾ, ഞാൻ നിങ്ങൾക്കൊപ്പമാണ് ".

ഒരു ചുവട് പിന്നോട്ട് ഇറങ്ങിയാലേ കൂടുതൽ ആവേശത്തോടെ ,കുതിപ്പോടെ രണ്ട് ചുവട് മുന്നോട്ടുവയ്ക്കാൻ കഴിയൂവെന്ന് ടീച്ചർ മനസ്സിലാക്കിയിരിക്കുന്നു

ഞങ്ങൾക്കൊപ്പം നിൽക്കാൻ തീരുമാനിച്ച ഞങ്ങളുടെ *ജയകല ടീച്ചർ* ക്കുള്ള കുനത്തറ സ്കൂളിലെ സഹപ്രവർത്തകരുടെയും, ടീച്ചറുടെ പ്രിയപ്പെട്ട കുട്ടികളുടെയും ഗുരുദക്ഷിണയാണ് ,

***"പ്രതിധ്വനി"***

## ഹൃദയംനിറഞ്ഞ സ്നേഹാശംസകളോടെ
## എല്ലാ വിജയങ്ങളും നേർന്നുകൊണ്ട്
## ഞങ്ങളുടെ
# അനിത ടീച്ചർക്ക്



## ടീച്ചറെ കുറിച്ച്..............

*1973 ഡിസംബർ 17 തീയതി ഒറ്റപ്പാലത്ത് ജനനം.*

*ഗണിതശാസ്ത്ര വിഷയത്തിൽ ബിരുദം, കേരള യൂണിവേഴ്സിറ്റിയിൽ നിന്നും ബിഎഡ് ബിരുദം നേടി,*

*1997 ജൂലൈ പതിനൊന്നാം തീയതി മുതൽ മുന്നൂർക്കോട് ഗവൺമെൻറ് ഹൈസ്കൂളിൽ*

*അധ്യാപികയായി സർവീസിൽ പ്രവേശിച്ചു.*

*തുടർന്ന് ബിഗ് ബസാർ ഹൈസ്കൂൾ, കൊട്ടുവായൂർ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ,*

*തുടർന്ന് വീണ്ടും മുന്നൂർക്കോട് ഹൈസ്കൂൾ , 2009 മുതൽ കൂനത്തറ വൊക്കേഷണൽ സെക്കൻഡറി*

*സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിൽ ഗണിത അധ്യാപികയായി തുടർന്നുവരുന്നു.*

*നീണ്ട 21 വർഷത്തെ അധ്യാപക തസ്തികയിൽ നിന്ന്,*

*എറണാകുളം ജില്ലയിലെ കോതമംഗലം വിദ്യാഭ്യാസ ജില്ലയിൽപെട്ട കടവൂർ ഗവൺമെൻറ്*

*വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിലേക്ക്*

*പ്രധാന അധ്യാപികയായി സ്ഥലം മാറിപ്പോകുന്ന അനിത ടീച്ചർക്ക് ശേഷിക്കുന്ന ഔദ്യോഗിക*

*മേഖലയിലും ജീവിതത്തിലും എല്ലാവിധ ഉയർച്ചകളും, നന്മകളും, ആശംസകളും,*

*കൂനത്തറ സ്കൂളിലെ ടീച്ചറുടെ പ്രിയപ്പെട്ട കുട്ടികളും, രക്ഷകർത്താക്കളും, സഹപ്രവർത്തകരും നേരുന്നു.*

## നീണ്ടകാലത്തെ അധ്യാപന സേവനത്തിൽ നിന്ന് വിശ്രമ ജീവിതത്തിലേക്ക് പ്രവേശിക്കുന്ന *കനകലത ടീച്ചർക്ക്* സ്നേഹാശംസകളോടെ



1963 ജനുവരി 24 ന് മലപ്പുറം ജില്ലയിലെ കോട്ടയ്ക്കലിൽ ജനനം.
കോട്ടക്കൽ രാജാസ് ഹൈസ്കൂളിൽ പ്രാഥമികവിദ്യാഭ്യാസം.
പ്രീഡിഗ്രി പഠനം പി എസ് എം ഒ കോളേജ് തിരൂരങ്ങാടിയിൽ തുടർന്ന് ഗവൺമെൻറ് ബേസിക് ട്രെയിനിംഗ് കോളേജിൽ നിന്ന് അധ്യാപക പരിശീലനം പൂർത്തിയാക്കി.
1983 അധ്യാപികയായി സർവീസിൽ പ്രവേശിച്ചു.
1984 മുതൽ 1987 വരെ എയ്ഡഡ്സ്കൂളിൽ സേവനമനുഷ്ഠിച്ചു,
1987 ജൂലൈ മുതൽ ഗവൺമെൻറ് സർവീസിൽ പ്രവേശിച്ചു.
മലപ്പുറം ജില്ലയിലെ എടരിക്കോട്ജിയുപിഎസ് , മലപ്പുറം ജില്ലയിലെ പാലച്ചിറമാട് എയുപിഎസ്, മലപ്പുറം ജില്ലയിലെ പത്തപ്പിരിയം ജി യുപിഎസ്, പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ കോട്ടക്കലിലെ രാജാസ് ഹൈസ്കൂൾ, പാലക്കാട് ജില്ലയിലെ മലമ്പുഴ ജീ വി എച്ച് എസ് എസ്. പാലക്കാട് ജില്ലയിലെ പുതുപ്പരിയാരം ജിഎൽ പി എസ്, പാലക്കാട് ജില്ലയിലെ പാലപ്പുറം ജി ജെ പി എസ്, എന്നിവിടങ്ങളിലെ സേവനത്തിന് ശേഷം 2006 ജൂലൈ മുതൽ കൂനത്തറ ജി വി എച്ച് എസ് എസ് അധ്യാപികയായി തുടർന്നുവരുന്നു.
2010 മാർച്ച് 31 ടീച്ചർ തന്റെ , 28 വർഷത്തെ അദ്ധ്യാപന സേവനത്തിൽനിന്ന് വിരമിക്കും.
നീണ്ടകാലത്തെ ടീച്ചറുടെ സേവന കാലയളവിൽ ആയിരക്കണക്കിന് കുട്ടികൾക്ക് അറിവിന്റെ ആദ്യാക്ഷരങ്ങൾ പകർന്നുനൽകിയ അക്ഷര ദീപത്തിന് ഞങ്ങളുടെ സ്നേഹനിർഭരമായ വിശ്രമ ജീവിത ആശംസകൾ.

# കൂനത്തറയിലെ ഈ സരസ്വതി നിലയത്തിന്റെ നാൾവാഴികളിലൂടെ



**ഇന്ത്യൻ** സ്വാതന്ത്ര്യ സമരം കൊടുമ്പിരികൊണ്ട 1920 കളിലെ മദ്ധ്യത്തോടെ കൂടിയാണ് കൂനത്തറ യിൽ ആദ്യമായി ഒരു വിദ്യാലയം സ്ഥാപിക്കപ്പെടുന്നത്. സ്വാതന്ത്ര്യസമരത്തിൽ വിദ്യാഭ്യാസത്തിന്റെ അനിവാര്യതയെക്കുറിച്ച് അതിന്റെ വ്യാപനത്തെ കുറിച്ചുമുള്ള ഗാന്ധിജിയുടെ പ്രഖ്യാപനത്തിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ടു കൊണ്ട് അന്നത്തെ ദേശം അധികാരിയായിരുന്ന ആയിരം തൊടി ഗോവിന്ദ പണിക്കരുടെ സഹായത്തോടെ പുത്തരി പാടത്ത് ശങ്കുണ്ണി എന്ന വ്യക്തിയുടെ കറ്റ കളത്തിൽ (ഇന്നത്തെ കൂനത്തറ ടൗണിലുള്ള പൊതു കിണറിന്പിൻവശത്ത് ) ഏതാണ്ട് ഒരു എൽപി സ്കൂൾ സ്വഭാവത്തിൽ പള്ളിക്കൂടം ആരംഭിച്ചു.

സ്ഥലപരിമിതിയും മറ്റ് അസൗകര്യങ്ങളുമായി പിന്നീട് കുറച്ചുകാലം സ്കൂൾ വലിയവീട്ടിൽ കൃഷ്ണൻ എന്നയാളുടെ സ്ഥലത്ത് മാറ്റി സ്ഥാപിച്ചു ( കൂനത്തറ ആലിൻ ചുവട്ടിൽ നിന്ന് ചീനിക്കുന്ന് ഭാഗത്തേക്ക് പോകുന്ന വഴി ).സ്കൂളിന്റെ മുന്നോട്ടുപോക്കിൽ ഈ ഘട്ടത്തിൽ വലിയ പ്രതിസന്ധികൾ ഉണ്ടായി, സ്കൂൾ അടച്ചു പൂട്ടേണ്ടി വരും എന്ന അവസ്ഥയിൽ എത്തിയ സമയത്താണ് നെടുമ്പോഴി ശിവകരൻ നമ്പൂതിരി തന്റെ കൂനത്തറ ടൗണിലുള്ള കെട്ടിടം (ഇപ്പോഴത്തെ പോസ്റ്റ് ഓഫീസ് കെട്ടിടം)വാടക ഇല്ലാതെതന്നെ സ്കൂളിന്റെ പ്രവർത്തനത്തിനായി വിട്ടുനൽകിയത്. ഈ ഘട്ടത്തിൽ സ്കൂൾ അപ്പർ പ്രൈമറിയായി മാറി.

പിന്നീട് വാഴയിൽ കൃഷ്ണൻ ചെട്ടിയാർ സമുദായത്തിലെ ചില മാന്യവ്യക്തികൾ എന്നിവരിൽ നിന്നായി മൂന്ന് ഏക്കർ 59 സെൻറ് സ്ഥലം സ്കൂളിനായി വാങ്ങുകയും നാട്ടുകാരുടെ സഹായത്തോടുകൂടി എട്ട് ക്ലാസ്മുറികൾ നിർമ്മിച്ച് അങ്ങോട്ട് മാറ്റുകയും ചെയ്തു. ഈ ഘട്ടത്തിലാണ് സർക്കാർ സ്കൂൾ ഏറ്റെടുക്കുന്നത്. അതുവരെ സ്കൂളിന്റെ പ്രവർത്തനം ജില്ല വിദ്യാഭ്യാസ ബോർഡിന്റെ കീഴിലാണ് നിലനിന്നിരുന്നത്.

1975 സ്കൂളിന്റെ രജതജൂബിലി അതിവിപുലമായി ആഘോഷിച്ചു. ഈ ചടങ്ങിൽ ഹൈസ്കൂൾ ആയി ഉയർത്തണമെന്ന ആവശ്യം നാട്ടുകാർ സർക്കാരിനു മുന്നിൽ അവതരിപ്പിച്ചു.

1980 ലെ ഗവൺമെൻറ് ഈ ആവശ്യം അംഗീകരിച്ച് 1982 മുതൽ ഹൈസ്കൂളായി പ്രവർത്തനം ആരംഭിച്ചു.

അന്നത്തെ രക്ഷാകർതൃ സമിതിയുടെ വലിയ കൂട്ടായ്മയുടെ ഭാഗമായി 17 ക്ലാസ് മുറികളുള്ള ഓടിട്ട കെട്ടിടങ്ങൾ നിർമ്മിച്ചു നൽകുന്നതിന് കഴിഞ്ഞു.

ഈ സമിതി അന്നുമുതൽ തന്നെ നാട്ടുകാരുടെ സഹായത്തോടുകൂടി കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനും മുൻകൈ എടുത്തിരുന്നു. സ്കൂളിനെ നിലനിർത്തുന്നതിനായി നാട്ടുകാർ വലിയ പങ്കു വഹിച്ചിരുന്നതായി കാണാൻ കഴിയും. പലരും ഊഴം വെച്ചാണ് ഭക്ഷ്യസാധനങ്ങൾ സ്കൂളിൽ എത്തിച്ചത്. പിതാവിന്റെ സ്മരണയ്ക്കായി ക്ലാസ്സ് മുറി പണിതു നൽകുകയും ഉച്ചഭക്ഷണത്തിനായി വലിയ സംഭാവന നൽകുകയും ചെയ്ത തൊഴുത്ത് പറമ്പിൽ രാമന്റെ മക്കൾ ,ഞാളൂർ അനന്തൻനായർ, ഉമയൂർ അച്യുതൻ വാര്യർ, നെടുംമ്പുഴിമന രാമൻനമ്പൂതിരി തുടങ്ങിയവർ സ്കൂളിലെ മുന്നോട്ടുപോക്കിൽ വലിയ സംഭാവനകൾ നൽകിയവരാണ്. ഈ കാലയളവിൽ അധ്യാപക രക്ഷാ സമിതിക്ക് നേതൃത്വം നൽകിയ ഗോവിന്ദൻകുട്ടി നായർ, കെ എം രാമചന്ദ്രൻ നായർ,കാക്കര സുകുമാരൻ നായർ, മയിലുംകുന്നത്ത് രാമകൃഷ്ണൻ തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ ഓർക്കപെടേണ്ടതാണ്.



കൂനത്തറ യിലെ രാരിരം കണ്ടത്, വിലങ്ങര പറമ്പിൽ, കല്ലംമാരും തൊടി, കുന്നത്ത് കുടുംബങ്ങളും സ്കൂളിന്റെ ശൈശവദശയിൽ അതിനെ തരണം ചെയ്യാൻ സഹായിച്ച കുടുംബങ്ങളാണ്.



Little KITES @ GHS koonathara

1990 ൽ വൊക്കേഷണൽ ഹയർ സെക്കൻഡറി പ്രവർത്തനമാരംഭിച്ചു.1500 ഓളം കുട്ടികൾ പഠനം നടത്തിയിരുന്ന സ്കൂളിൽ ആവശ്യത്തിനനുസരിച്ച് ക്ലാസ് മുറികൾ ഇല്ലാതിരുന്നതിനാൽ ഷിഫ്റ്റ് സമ്പ്രദായം ആയിരുന്നു. 1990 നു ശേഷം കേരളത്തിൽ ജനകീയാസൂത്രണ പദ്ധതി വന്നതോടുകൂടി തുടർന്നുള്ള വർഷങ്ങളിൽ ജില്ലാപഞ്ചായത്തും 8 ക്ലാസ് മുറികൾ പണിതു. എംപി ഫണ്ടിൽ നിന്ന് 2 ക്ലാസ് മുറികൾ കൂടി ലഭ്യമായതോടെ 2004 – 2005 വർഷത്തിൽ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കാൻ കഴിഞ്ഞു.

ത്രിതല പഞ്ചായത്തുകളുടെ ഇടപെടൽ വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും വലിയ സംഭാവനകൾ ചെയ്തു,ചുറ്റമതില്, കോൺക്രീറ്റ് റോഡ്,3 ക്ലാസ്സ്മുറികൾ,പാചകപ്പുര, ബയോഗ്യാസ് പ്ളാൻറ് എന്നിവ ജില്ലാ പഞ്ചായത്തിന്റെ മുതൽക്കൂട്ടുകളാണ്.

എം എ ഹംസ എംഎൽഎയുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് ഒന്നരക്കോടി രൂപയുടെ വലിയ കെട്ടിടം നിർമ്മിക്കുകയും 2014 ൽ ഹയർസെക്കൻഡറി വിഭാഗം പുതിയ കെട്ടിടത്തിലേക്ക് മാറ്റുകയും ചെയ്തു.

**ഷൊർണൂർ** എംഎൽഎ ശ്രീമതി സലീഖയുടെ ഫണ്ട് ഉപയോഗിച്ച് 33 സീറ്റുള്ള ഒരു ബസ്സ് അനുവദിക്കുകയും 2018 ജൂലൈ 20 മുതൽ ബസ് ഓടി തുടങ്ങുകയും ചെയ്തു . ഇപ്പോൾ രണ്ട് ബ്ലോക്കുകൾ ഒഴിച്ച് ബാക്കി മുഴുവൻ കെട്ടിടങ്ങളും കോൺക്രീറ്റ് ആണ്. വിഎച്ച്എസ്ഇ ബ്ലോക്ക്,എൽപി – യുപി – ഹൈസ്കൂൾ വിഭാഗങ്ങൾ, ഫിസിക്സ് – കെമിസ്ട്രി – ബയോളജി ലാബുകൾ, ലൈബ്രറി, ഐടി ലാബ് ,PET റൂം, കൗൺസിലിംഗ്/ IED റൂം, ഐടി @ സ്കൂളിന്റെ ഭാഗമായി സ്മാർട്ട്ഡിജിറ്റൽ ക്ലാസ് റൂം തുടങ്ങിയവയും പ്രവർത്തിക്കുന്നു.

കുടിവെള്ള ആവശ്യത്തിന് സ്കൂളിന് പുറത്ത് രണ്ട് കിണറുകളും സ്കൂളിനടുത്ത്ഒരു കിണറും ഉണ്ട്. എസ് എസ് എ,ആർ എം എസ് എ എന്നി ഏജൻസികളും കുട്ടികളിൽ ആത്മവിശ്വാസം വളർത്തുന്നതിനും വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സഹായിക്കുന്നു. JRC, SPC, ലിറ്റിൽ കൈറ്റ്സ് എന്നീ യൂണിറ്റുകൾ ഹൈസ്കൂൾ വിഭാഗത്തിൽ പ്രവർത്തിക്കുന്നു. ഹൈസ്ക്കൂൾ വിഭാഗങ്ങളിലെ 5 ക്ലാസ് മുറികൾ നിലവിൽ സ്മാർട്ട് ക്ലാസ് റൂമുകൾ ആയി മാറ്റിയിരിക്കുന്നു. പുതിയതായി അഞ്ചു മുറികൾ കൂടി ഉടനെ സ്മാർട്ട്ക്ലാസ് റൂമുകൾ ആകും




**ഉപജില്ലാ ഐ ടി മേള ഒന്നാം സ്ഥാനം നേടിയ**

***മിഥുൻ കൃഷ്ണ വി പി (10 ബി )***

**ഡിജിറ്റൽ പെയിന്റിംഗ് "മഹാ പ്രളയം "**



# പെൻസിൽ ഡ്രോയിങ്ങ്



# പെൻസിൽ ഡ്രോയിങ്ങ്



# രാത്രിയിൽ ഒരു യാത്ര


**അപ്പു** എട്ടാം ക്ലാസിലാണ് പഠിക്കുന്നത്. സ്കൂൾ വിട്ടുവന്നാൽ വീടിനടുത്തുള്ള വായനശാല ഗ്രൗണ്ടിലേക്ക് കൂട്ടുകാരുമൊത്ത് കളിക്കാൻ പോകുക പതിവാണ്. അതോടൊപ്പം തരക്കേടില്ലാതെ പഠിക്കുന്ന കുട്ടിയാണ്. അധ്യാപകർക്കെല്ലാം അവനെ വലിയ ഇഷ്ടമാണ്. കളി കഴിഞ്ഞുവന്നാൽ നാമജപം കഴിഞ്ഞ് അന്നന്നത്തെ പാഠങ്ങൾ പഠിക്കാൻ തൽപരനായിരുന്നു. ഒരു ദിവസം ആഹാരം കഴിച്ചശേഷം പാഠപുസ്തകം വായിക്കാൻ ഇരുന്നു. അന്നത്തെ ദിവസത്തിന്റെ പ്രത്യേകത ചന്ദ്രദിനം ആയിരുന്നു. സയൻസ് മാസ്റ്റർ ക്ലാസ്സിൽ ആ ദിവസത്തിന്റെ പ്രത്യേകത വിശദീകരിച്ചതാണ്. ആഹാരം കഴിക്കുമ്പോഴും ഉറങ്ങാൻ കിടന്നപ്പോഴും ഒക്കെ അവന്റെ മനസ്സിൽ ഓർമ്മകൾ വന്നുംപോയുമിരുന്നു. സമയം അർദ്ധരാത്രി ഗാഢനിദ്രയിൽ ആയ അപ്പു , ഒരു മാലാഖ ഭൂമിയിലേക്ക് വന്നിറങ്ങുന്നത് ദൂരെനിന്ന് കാണുകയാണ്. അവന്റെ മനസ്സ് ആ അത്ഭുതത്തിന് അടുത്തെത്താൻ ആഗ്രഹിച്ചു. പെട്ടെന്ന്അത് സംഭവിച്ചു. വളരെ ദൂരെ കണ്ട മാലാഖ അപ്പുവിനു മുന്നിൽ പ്രത്യക്ഷപ്പെട്ടു. അവന്റെ മനസ്സ് സന്തോഷം കൊണ്ട് നിറഞ്ഞു. അവൻ മടിച്ചുമടിച്ച് മാലാഖയോട് സംസാരിക്കാൻ തുടങ്ങി.

"നീ ആരാണ് " ?

" എവിടേക്കാണ് ഈ വഴി പോകുന്നത് "?

അപ്പു സംസാരത്തിന് തുടക്കമിട്ടു. സന്തോഷത്തോടെ മാലാഖ അവന്റെ അടുത്തുവന്ന് കൈപിടിച്ചു. മാലാഖ പറഞ്ഞു .

"ഞാൻ എവിടേയ്ക്കും പോവുകയല്ല", "അപ്പുവിനെ കാണാൻ വന്നതാണ്"



" അപ്പു നന്നായി പഠിക്കുന്ന കുട്ടിയാണെന്നു ഒരുപാട് ആഗ്രഹങ്ങൾ ഉള്ള കുട്ടിയാണെന്നും എനിക്കറിയാം, ഞാൻ വരുന്നത് ചന്ദ്രനിൽ നിന്നാണ്. അപ്പുവിനെ ചന്ദ്ര ലോകം കാട്ടിത്തരാൻ എനിക്ക് കഴിയും. ഇന്ന് ക്ലാസ്സിൽ നിന്നും ചന്ദ്രനെപ്പറ്റി കൂടുതൽ പഠിച്ച ദിവസമാണല്ലോ ? അതിലും കൂടുതലായി അറിയണം എങ്കിൽ ഞാൻ അപ്പുവിന് ഒരു മോതിരം തരാം. അത് വിരലിട്ടാൽ അപ്പു ആ

ലോകത്തെ എത്തിയതായി അനുഭവപ്പെടും".ഇതുപറഞ്ഞ് മാലാഖ മോതിരം അപ്പുവിനെ വിരലിട്ടു കൊടുത്തു.

പെട്ടെന്ന് അപ്പുവിന് സ്വന്തം ശരീരത്തിന്റെ ഭാരം നഷ്ടപ്പെട്ടതായി തോന്നി. അവൻ മെല്ലെ കൈകൊണ്ട് തുഴഞ്ഞു. പാറക്കഷണങ്ങൾ അപ്പുറത്ത് മൺകൂനയും കുറച്ചകലെയായി വലിയൊരു കുഴിയും അവന്റെ ശ്രദ്ധയിൽപ്പെട്ടു.



അപ്പോളോ യാത്രികർ ചന്ദ്രനിൽ സ്ഥാപിച്ച പതാക ദൂരെ പറക്കുന്നത് അവൻ കണ്ടു. അതിനടുത്തേക്ക് ഓടാൻ അപ്പു ശ്രമിച്ചു പെട്ടെന്ന് അവൻ വീഴാൻ പോയി. ഒരുവിധം കൈകൊണ്ട് തുഴഞ്ഞ് അതിനടുത്തേക്ക് നീങ്ങി.

അവൻ സന്തോഷത്തോടെ അവിടെയൊക്കെ നിരീക്ഷിച്ചു. മനുഷ്യൻ ചന്ദ്രനേയും അവിടുത്തെ കറുത്തപാടുകളേയും നിരീക്ഷിക്കാൻ തുടങ്ങിയിട്ട് കാലമേറെ ആയല്ലോ എന്നത് അവനോർത്തു. ചാന്ദ്ര നിരീക്ഷണങ്ങളിൽ വഴിത്തിരിവുണ്ടാക്കിയ ഒരുപാട് സംഭവങ്ങൾ പലപ്പോഴായി പത്രത്തിൽ അവൻ വായിച്ചിരുന്നു. ഏറെനേരം ചന്ദ്രന്റെ മണ്ണിൽ മാലാഖയോടൊപ്പം നടന്ന അവൻ പെട്ടെന്ന് ഒരു കല്ലിൽ തട്ടി വീണു പോയി. വിരലിൽ കിടന്ന മോതിരം ഊരി വീഴുന്നതായി അവനറിഞ്ഞു.

"അയ്യോ" എന്ന നിലവിളിയോടെ പെട്ടെന്ന് അവൻ ഞെട്ടി ഉണർന്നു.

പേടിയോടെ കാര്യം തിരക്കിയ അമ്മയോട് സ്വപ്നത്തിൽ കണ്ടത് ഒക്കെ അവൻ വിവരിച്ചു പറഞ്ഞു





ചന്ദന ബി

STD 8B

# ചന്ദ്രശേഖര വെങ്കിട്ടരാമൻ എന്ന സി വി രാമൻ

## (ജീവിതകാലം 1889 മുതൽ 1970 വരെ)



ലോകപ്രശസ്ത ഇന്ത്യൻ ഊർജ്ജ തന്ത്രജ്ഞൻ.

1888 നവംബർ ഏഴാം തീയതി തമിഴ്നാട്ടിലെ തിരുച്ചിറപ്പള്ളിയിൽ ജനനം.

വളരെ ചെറുപ്പത്തിൽ തന്നെ അദ്ദേഹം പഠനത്തിനുള്ള മികവ് തെളിയിച്ചു. പതിനഞ്ചാം വയസ്സിൽ ഇംഗ്ലീഷിലും ഊർജതന്ത്രത്തിലും മദ്രാസ് യൂണിവേഴ്സിറ്റി നിന്നും ബിഎ ഓണേഴ്സ് ബിരുദം കരസ്ഥമാക്കി .



Sir CV Raman Explaining Raman Effect

1917 മുതൽ പതിനഞ്ച് വർഷക്കാലം കൽക്കട്ട യൂണിവേഴ്സിറ്റിയിൽ പ്രൊഫസറായി സേവനമനുഷ്ഠിച്ചു. ഇംഗ്ലണ്ടിലേക്കുള്ള ഒരു വിമാനയാത്രയ്ക്കിടയിൽ ആകാശത്തിലെ നീലിമയെ കുറിച്ചും കടലിന്റെ വർണ്ണ വ്യത്യാസങ്ങളെ കുറിച്ചുമുള്ള അദ്ദേഹത്തിന്റെ സംശയങ്ങൾ,പ്രകാശത്തിലും പ്രകാശത്തിന്റെ സ്കേറ്ററിങ് പ്രതിഭാസത്തെക്കുറിച്ച് പഠനം നടത്തുന്നതിന് അദ്ദേഹത്തെ പ്രേരിപ്പിച്ചു ഈ പഠനപ്രവർത്തനങ്ങൾക്ക് ലോകപ്രശസ്ത പല അംഗീകാരങ്ങളും സിവി രാമന് ലഭിച്ചു



1930 ഊർജ്ജ തന്ത്രത്തിനുള്ള നോബൽപ്രൈസ് ലഭിച്ചു. പ്രകാശത്തെക്കുറിച്ചുള്ള അദ്ദേഹത്തിൻറെ പഠനം" രാമൻ ഇഫക്ട് "എന്ന പേരിൽ ലോകപ്രശസ്തമാണ്.





1954 ഭാരതരത്നം നൽകി മാതൃ രാജ്യം രാമനെ ആദരിച്ചു.

സി വി രാമനെകുറിച്ചുള്ള ജീവചരിത്ര വിഡിയോ കാണാൻ

ഇവിടെ ക്ലിക്ക് ചെയ്യുക

ഐശ്വര്യ 6th STD

# അർജ്ജുനന്റെ നേതൃത്വം

മാനസിക വെല്ലുവിളി നേരിടുന്ന ഒരു കുട്ടിയാണ് അർജ്ജുനൻ.

കൂനത്തറ ഗവൺമെൻറ് ഹൈസ്കൂളിൽ എട്ടാം ക്ലാസ്സ് എ യിൽ പഠിക്കുന്നു.കുളപ്പുള്ളിയിലെ ICCONS ആശുപത്രിയിലെ ഡോക്ടർ സുരേഷിന്റെയും, സൈക്കോളജിസ്റ്റ് അമ്പിളിയുടെയും ചികിൽസയിൽ കഴിയുന്ന അർജ്ജുനനെ ചികിത്സയുടെ ഭാഗമായാണ് കൂനത്തറയിലെ പൊതുവിദ്യാലയത്തിൽ ചേർത്തത്. പ്രൈവറ്റ് സ്കൂളുകളിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ സ്കൂളിൽ പോകാൻ മടിച്ചിരുന്ന അർജ്ജുനൻ കൂനത്തറ ഗവൺമെൻറ് സ്കൂളിൽ ചേർത്തതിനുശേഷം അവധി ദിവസങ്ങളിൽ പോലും സ്കൂളിൽ പോകാൻ ഇഷ്ടപ്പെടുന്നത് കുട്ടി സ്കൂളിനെ അത്രയധികം സ്നേഹിക്കുന്നതുകൊണ്ടാണ്. ഇവിടുത്തെ അധ്യാപകരും, കുട്ടികളും ,അർജ്ജുനനെ വളരെയധികം സ്നേഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത് കുട്ടിയുടെ മാനസിക നിലയിൽ തന്നെ വലിയ മാറ്റങ്ങൾ സംഭവിച്ചിരിക്കുന്നു. ഒരു കണ്ണിന് കാഴ്ച തീരെ കുറവ് ഉണ്ടായിട്ടും കൃത്യമായി അവൻ നോട്ടുകൾ എഴുതി തയ്യാറാക്കാൻ ശ്രമിക്കുന്നു. കരകൗശല പ്രവർത്തനങ്ങളിലും അവൻ താല്പര്യം കാണിക്കുന്നു .

ബഹുമാനപ്പെട്ട ഹെഡ്മിസ്ട്രസും ജയകല ടീച്ചറും., സ്പെഷ്യൽ ടീച്ചറായ രജിത ടീച്ചറും, അർജ്ജുനൻറെ കാര്യത്തിൽ വളരെയധികം താല്പര്യം കാണിക്കുന്നു. അർജ്ജുനന്റെ മാനസിക വളർച്ചയിൽ ഉള്ള ഈ പുരോഗതി ഇത്തരം മാനസിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്ക് ഒരു പ്രചോദനമാണ്. ഒപ്പം ഇത്തരം കുട്ടികളെ അംഗീകരിക്കാനും പ്രോത്സാഹിപ്പിക്കാനും നമ്മുടെ കുട്ടികൾ തയ്യാറാവുന്നു എന്നത് നമ്മളുടെ സാമൂഹിക കാഴ്ചപ്പാടുകളിലും ചിന്താഗതികളിലും വന്ന വലിയൊരു മാറ്റത്തിന് തെളിവാണ്.




ഈ മാഗസിനിൽ ഒരു പേജ് ഞങ്ങൾ അവന്റെ കഴിവിനുള്ള അംഗീകാരമായി മാറ്റിവയ്ക്കുന്നു

ഇക്കഴിഞ്ഞ ദിവസം സ്കൂൾ അസംബ്ലിയിൽ നേതൃത്വം നൽകാൻ കൂടി അർജ്ജുനനു കഴിഞ്ഞു.

അർജ്ജുനന്റെ പെർഫോമൻസ് വിഡിയോ കാണാൻ **ഇവിടെ ക്ലിക്ക് ചെയ്യുക**







# സ്റ്റുഡൻറ് പോലീസ് കേഡറ്റ് ( എസ് പി സി)



കേരളത്തിലെ സ്കൂൾ കുട്ടികളെ കേന്ദ്രീകരിച്ചുകൊണ്ട് കേരള പൊതുവിദ്യാഭ്യാസ വകുപ്പും,കേരള ആഭ്യന്തര വകുപ്പും ഒരുമിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് കേരള സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതി. ഗതാഗതവകുപ്പ്,വനം, എക്സൈസ്, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ സഹായവും ഈപദ്ധതിക്കുണ്ട്.

സാമൂഹിക തിന്മകളിൽനിന്ന് വിദ്യാർത്ഥികളെ അകറ്റി നിർത്തി അച്ചടക്കത്തിൽ അധിഷ്ഠിതമായ പരിശീലനത്തിലൂടെ സമൂഹത്തിന് മുതൽക്കൂട്ടാകുന്ന നിയമ ബോധവും,പൗരബോധവും മൂല്യബോധവുമുള്ള പുതുതലമുറയെ വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതി.

2010 ആഗസ്റ്റ് രണ്ടാം തീയതി 127 സ്കൂളുകളിൽ 11176 കുട്ടികളുമായി ഈ പദ്ധതി തുടങ്ങി. ശ്രീ പി വിജയൻ ഐ പി എസ് ന്റെ സ്വപ്ന പദ്ധതിയാണ് സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതി. ഇദ്ദേഹമാണ് ഈ പദ്ധതിയുടെ ആദ്യകാല സംസ്ഥാന നോഡൽ ഓഫീസറും.



Little KITEs @ GHS koonathara

# സ്റ്റുഡൻറ് പോലീസ് കേഡറ്റ്( എസ് പി സി ) ജി എച്ച് എസ് കൂനത്തറ യൂണിറ്റ്



SPC ഉദ്ഘാടനം









# സ്റ്റുഡൻറ് പോലീസ് കേഡറ്റ് (എസ് പി സി)
# ജി എച്ച് എസ് കൂനത്തറ യൂണിറ്റ്















# വൃക്ഷത്തെ സ്നേഹിച്ച കുരങ്ങൻ



ഒരു ദിവസം ഒരു മരംവെട്ടുകാരൻ കാട്ടിലെത്തി. അദ്ദേഹം അവിടെയുള്ള മരങ്ങൾ ഓരോന്നായി മുറിക്കുവാൻ തുടങ്ങി .ഇത് കണ്ടുകൊണ്ട് ഒരു കുരങ്ങൻ അപ്പുറത്തെ മരത്തിൽ ഇരിക്കുന്നുണ്ടായിരുന്നു. ആ കുരങ്ങൻ ഓടിവന്ന് മരംവെട്ടുകാരൻ മുറിക്കാൻ തുടങ്ങിയ മരത്തെ കെട്ടിപിടിച്ച് കരയാൻ തുടങ്ങി .കുരങ്ങനെ ആ മരത്തിനടുത്തു നിന്ന് ഓടിഅകറ്റാൻ നോക്കിയെങ്കിലും ആ കുരങ്ങൻ മരത്തിൽനിന്ന് പോയില്ല കുരങ്ങൻ മാറാത്തത് കൊണ്ട് അയാൾ വിചാരിച്ചു .

"ഈ കുരങ്ങൻ മാറുന്ന ലക്ഷണമില്ല ,ഈ മരം മുറിക്കാതെ വേറെ ഏതെങ്കിലും മരം മുറിക്കാം".

അയാൾ അതിനടുത്ത് ഒരു മരം മുറിക്കാൻ തുടങ്ങി.കുരങ്ങൻ ഉടനെ ആ മരത്തിൽ കയറിയിരുന്ന കരയാൻതുടങ്ങി.ഈ പ്രക്രിയ മരംവെട്ടുകാരനും കുരങ്ങനും ഒരുപോലെ തുടർന്നുകൊണ്ടിരിന്നു. അവസാനം ഒരു വലിയ മരം മുറിക്കാൻ മരംവെട്ടുകാരൻ ഒരുങ്ങി. കുരങ്ങൻ ആ മരത്തെയും കെട്ടിപ്പിടിച്ച് അലറി കരയാൻ തുടങ്ങി.ഈ കരച്ചിൽ കേട്ട് അവിടുത്തെ മറ്റ് എല്ലാ ജാതി മൃഗങ്ങളും ആ മരത്തിനു ചുവട്ടിൽ എത്തി. അവിടെ എത്തിയ മൃഗങ്ങൾ എല്ലാവരും ഒരുമിച്ച് മരത്തെ കെട്ടിപ്പിടിച്ച്കരയാൻതുടങ്ങി. ഇത് കണ്ട് നിന്ന മരം വെട്ടുകാരന് മൃഗങ്ങളുടെ മരങ്ങളോടുള്ള സ്നേഹത്തിൽ നിന്ന് ഒരു കാര്യം മനസ്സിലായി,

" മരം പ്രകൃതിയുടെ വരദാനമാണ് അത് നശിപ്പിക്കരുത് ",

"ഭൂമിയിലുള്ള ജീവജാലങ്ങൾ മനുഷ്യനേക്കാൾ ഉപരിയായി ഈ പ്രകൃതിയെ അത്യധികം സ്നേഹിക്കുന്നു,"




മീര കൃഷ്ണ 7th std



Little KITES @ GHS koonathara


# കേരള നവോദ്ധാനത്തിന്റെ ചില ചരിത്ര ശേഷിപ്പുകൾ












Little KITEs @ GHS koonathara

# കേരള നവോദ്ധാനത്തിന്റെ ചില ചരിത്ര ശേഷിപ്പുകൾ
















Little KITEs @ GHS koonathara

# Vaikom Muhammed Basheer

*{Beypore Sultan}*



Vaikom Muhammed basheer was born on i9th January 1908 at Thalayolaparambu (near Vaikom) Kottayam district. He was a Malayalam fiction writer from the state of Kerala in India. He was a Humanist, freedom fighter, novelist and short story writer. He was regarded as one of the most successful and outstanding writers from India.



Translations of his works into other languages have won him worldwide acclaim.




His notable works include Aanapooda, Balyakalasakhi, Shabdangal, Pathummayude Aadu, Mathilukal, Ntuppuppakkoranendarnnu, Janmadinam, Premalehanam mucheettukalekkarante makkal ,Bhoomiyudae avakashikal and Anargha Nimisham. He was awarded Kerala Sahitya Academy Award (1970), Kendra Sahitya Academy Award, Lalithambika antharjanam Award (1992), Muttarthu Varkey Award (1993). He was awarded the "Padma Shree" in 1982. He was fondly remembered as the *Beypore Sultan*. He died on 5th July 1994.


Vishnu M 6th std



Little KITEs @ GHS koonathara

# ശിശുദിനാഘോഷം നവംബർ 14, 2018





















# കേരളപിറവിദിനാഘോഷം നവംബർ 1, 2018













# കൂനത്തറയുടെ പൈതൃകവഴികളിലൂടെ























Little KITEs @ GHS koonathara

# തോല്പാവക്കൂത്ത് കലാകാരൻ രാമചന്ദ്രപുലവർ

















# കവളപ്പാറ ദേശം
# നാട്ടുവാഴിയുടെ ബാക്കിപത്രം















# "വിദ്യ ജ്യോതി സ്കോളർഷിപ്പ് "



കാനറാ  ബാങ്ക് ഷൊർണ്ണൂർ, സ്പോൺസേർഡ്





# സ്ക്രൂൾ സയൻസ് എക്സിബിഷൻ 2018

















# സമൃദ്ധമായ ഉച്ചഭക്ഷണം


















# സ്കൂൾ കായികദിനം 2018















# സ്ക്കൂൾ കലോത്സവം 2018















# നവീകരിച്ച സ്കൂൾ ലൈബ്രറി ഹാൾ ഉൽഘാടനം











# ഓസോൺ ദിനം സെപ്റ്റംബർ 16















# സ്കൂളിൽ ഒരു പത്രം പരിപാടി







# സ്ക്കൂൾ സ്വജന്യ യൂണിഫോം വിതരണം ഉൽഘാടനം












# ദേശീയ അദ്ധ്യാപക ദിനം, സെപ്റ്റംപെർ 5 ആഘോഷം












# പി ടി എ ജനറൽ ബോഡി യോഗം 2018




















# അന്താരാഷ്ട്ര ലഹരി വിരുദ്ധദിനം ജൂൺ 26





















# വായന ദിനം ജൂൺ 19















# അന്താരാഷ്ട്ര യോഗാദിനം ജൂൺ 21










# വിജയോത്സവം 2018



















# ലോക പരിസ്ഥിതിദിനം ജൂൺ 5















# പ്രവേശനോത്സവം ജൂൺ 1 , 2018


















# ചില അപൂർവ്വ നിമിഷങ്ങൾ















# ഒരു മഹാപ്രളയത്തിന്റെ ബാക്കിപത്രം

## ( ഗ്രന്ഥപരിശോധകന്റെ പുറത്തെഴുത്ത് )


കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടയിൽ സമാനതകളില്ലാത്ത ഒരു വൻ ദുരന്തമാണ് മലയാളി അനുഭവിച്ചത്. 2018 ആഗസ്റ്റ് 14 ,15, 16 തീയതികളിലായി പെയ്തിറങ്ങിയ മഹാമാരിയിൽ കേരള സംസ്ഥാനമൊട്ടാകെ പ്രളയജലം കൊണ്ടുമൂടി. നൂറുകണക്കിന് മനുഷ്യ ജീവനുകൾ പൊലിഞ്ഞു, ആയിരക്കണക്കിന് ഭൂമി കൃഷി യോഗ്യമല്ലാതായി, പതിനായിരക്കണക്കിന് ഏക്കർ വനഭൂമി മലവെള്ളപ്പാച്ചിലിൽ ഒലിച്ചുപോയി, ആയിരക്കണക്കിന് വീടുകൾ തകർന്നടിയുകയും വാസയോഗ്യമല്ലാത്ത ആവുകയോ ചെയ്തു. പതിനായിരക്കണക്കിന് ജനങ്ങൾ അഭയാർത്ഥി ക്യാമ്പുകളിൽ അഭയം തേടേണ്ടിവന്നു. ഇതിനെല്ലാം പുറമേ ഉപജീവനമാർഗ്ഗങ്ങൾ നഷ്ടപ്പെട്ടവർ, കേരളത്തിന്റെ സാമ്പത്തിക വ്യാപാര മേഖലകളിൽ നഷ്ടങ്ങൾ, ഉപയോഗശൂന്യമായ വാഹനങ്ങൾ, തകർന്നടിഞ്ഞ ദേശീയ-സമസ്ഥാന- ഗ്രാമീണ റോഡുകൾ ഇവയുടെയെല്ലാം കണക്കുകൾ വിവരണാതീതമാണ്. പ്രാഥമിക കണക്കനുസരിച്ച് കേരളത്തിനുണ്ടായ നഷ്ടം ഏതാണ്ട് നാൽപ്പതിനായിരം കോടി രൂപയ്ക്കു മുകളിലാണ്.





Little KITEs @ GHS Koonathara

പക്ഷേ നമ്മൾ മലയാളികൾ ഈ മഹാദുരന്തത്തെ അതിജീവിക്കും. മലയാളിയുടെ മനസ്സിന്റെ നന്മയും, സ്നേഹവും, ഐക്യവും ലോകത്തിന് കാണിച്ചുകൊടുത്ത അപൂർവ സുന്ദര നിമിഷങ്ങളായിരുന്നു ഈ മഹാ ദുരന്തമുഖത്ത് നാം കണ്ടത്. ആ പ്രളയ ദിനങ്ങളിൽ വെള്ളിത്തിരയിലെ നക്ഷത്ര താരങ്ങളും, കടലിന്റെ മക്കളും, ഇന്ത്യയുടെ സൈനിക വ്യൂഹങ്ങളും, ദുരന്ത നിവാരണ സേനയും, അന്യസംസ്ഥാനക്കാരും എല്ലാറ്റിനുമുപരി ദുരന്തമുഖത്ത് നിന്നുള്ള സാധാരണ ജനങ്ങളും ഒത്തൊരുമിച്ച് ഈ ദുരന്തത്തെ അതിജീവിക്കാൻ കൂടെ നിന്ന് കരുത്തുതന്നു.



എല്ലാവരോടും എല്ലാറ്റിനും മലയാളി സ്നേഹത്തിന്റെ ഭാഷയിൽ നന്ദി പറയുന്നു.



Little KITES @ GHS koonathara


CHENNAI RESCUE TEAM
ANIMAL RESCUE IN KOTTAYAM
THANKS





**ഈ കുറിപ്പ് പൂർത്തിയാക്കും മുൻപ് ഒന്നുകൂടി,**

**ഓരോ പ്രകൃതിദുരന്തവും നമുക്ക നൽകുന്ന ചില പാഠങ്ങളുണ്ട്. അത് അതിജീവനത്തിന്റെ മാത്രം പാഠമല്ല. സമാനതകളില്ലാത്ത മറ്റൊരു ദുരന്തം തടയാനുള്ള മുന്നൊരുക്കം കൂടിയാണ്. പെയ്തിറങ്ങിയ മഹാമാരിയെ തടഞ്ഞുനിർത്താൻ നമുക്കാവില്ല, പക്ഷേ ആ പ്രളയജലം ഒഴുകിപ്പോകാനുള്ള വഴികൾ നാം കെട്ടിഅടക്കരുതായിരുന്നു .**

**ഈ ദിവസങ്ങളിൽ ഫെയ്സ്ബുക്കിൽ വന്നൊരു വാചകം ഓർമ്മവരുന്നു,**

***"എനിക്കുഒഴുകേണ്ട വഴികൾ നിങ്ങൾ കെട്ടിയ അടച്ചപ്പോൾ അതെല്ലാം തച്ചുടച്ച് കോരിയെടുത്ത് ഞാൻ ഒഴുകി. ഞാനൊരു ദുരന്തവും സൃഷ്ടിച്ചില്ല, ഉണ്ടായ ദുരന്തം നിങ്ങളുടെ സൃഷ്ടിയാണ്. ഞാനെന്റെ കർമ്മമാണ് ചെയ്തത്."***



ഈ ദിവസങ്ങളിൽ തന്നെ വന്ന മറ്റൊരു വാർത്ത ചിത്രവും ഓർമ്മയിൽ വരുന്നു.

പുഴയിലേക്കും , അരുവികളിലേക്കും നാം വലിച്ചെറിഞ്ഞ മാലിന്യ കൂമ്പാരങ്ങൾ അവ പാലങ്ങളിലും തീരങ്ങളിലും നിക്ഷേപിച്ച് പ്രളയം കടന്നുപോയെങ്കിലും , പ്രളയ ശേഷം നാം എന്താണ് ചെയ്തത്?, കൂടുതൽ ആവേശത്തോടെ ഈ മാലിന്യങ്ങളെല്ലാം യന്ത്രസഹായത്തോടെ പുഴയിലേക്ക് തന്നെ തള്ളിയിട്ടു.





ഏറെ ദുഃഖകരമായ അവസ്ഥയെന്തെന്നാൽ ഒരു ദുരന്തവും നമ്മെ ഒരു പാഠവും പഠിപ്പിക്കുന്നില്ല എന്നതാണ്. ഒരു പ്രകൃതിദുരന്തവും ഒരു ശിക്ഷയാകുന്നില്ല. വാസ്തവത്തിൽ ഇവയോരോന്നും ഓരോ പാഠങ്ങൾ ആകേണ്ടതാണ്. വനനശീകരണവും, അന്തരീക്ഷ മലിനീകരണവും, വനഭൂമി കയ്യേറ്റങ്ങളും, അശാസ്ത്രീയമായ കെട്ടിട നിർമാണ രീതികളും, കരിങ്കൽ ഖനനങ്ങളും, ഭൂമിക്ക് ഏൽപ്പിക്കുന്ന മുറിവുകൾക്ക് അതുനൽകുന്ന തിരിച്ചടികളാണ്, പലപ്പോഴും വൻ പ്രകൃതിദുരന്തങ്ങൾ ക്ഷണിച്ചുവരുത്തുന്നത്. ഇതുമനസ്സിലാക്കി എന്ന് നാം തിരുത്തുന്നു അന്നേ നമ്മൾ ദുരന്തങ്ങളെ അതിജീവിക്കുക, അന്നേ നമ്മൾ അതിജീവനത്തിന്റെ പാതയിൽ ആവൂ

*അഗസ്റ്റിൻ മാഷ്*

# പെൻസിൽ ഡ്രോയിങ്ങ്






Little KITES @ GHS koonathara

# വിദ്യാരംഗം ഉപജില്ലാ സർഗോത്സവം 2018







# യാത്രകൾ എന്നും
# മനസ്സിനും ശരീരത്തിനും ഉന്മേഷദായകമാണ്

**LKG /UKG TOUR**










# യാത്രകൾ എന്നും
# മനസ്സിനും ശരീരത്തിനും ഉന്മേഷദായകമാണ്

**LP / UP TOUR**





# യാത്രകൾ എന്നും
# മനസ്സിനും ശരീരത്തിനും ഉന്മേഷദായകമാണ്

## HS TOUR



***Kodaikanal*** -- " land of mist ,cold ,chill and cloud of eternal love "



# യാത്രകൾ എന്നും
# മനസ്സിനും ശരീരത്തിനും ഉന്മേഷദായകമാണ്

## HS TOUR



***Kodaikanal*** -- " land of mist ,cold ,chill and cloud of eternal love "







# യാത്രകൾ എന്നും മനസ്സിനും ശരീരത്തിനും ഉന്മേഷദായകമാണ്

## SPC MOUNTAIN TRCKING TO ANAGA MALA







# യാത്രകൾ എന്നും മനസ്സിനും ശരീരത്തിനും ഉന്മേഷദായകമാണ്

## SPC MOUNTAIN TRCKING TO ANAGA MALA









# പുസ്തക നിരൂപണം

( അഞ്ചാം ക്ലാസ്സിലെ നിവേദിത എം ജെ തയ്യാറാക്കിയത് )

കഴിഞ്ഞ ദിവസങ്ങളിൽ ഞാൻ വായിച്ച് പുസ്തകമാണ് സെബാസ്റ്റ്യൻ പള്ളിത്തോട് എഴുതിയ *" ക്ലിൻറ്- നിറങ്ങളുടെ രാജകുമാരൻ ".* ചിത്രകലയുടെ അൽഭുത ലോകത്ത് ഏവരെയും വിസ്മയപ്പെടുത്തിയ, വിടരും മുൻപേ കൊഴിഞ്ഞുപോയ *"എഡ്മണ്ട് തോമസ് ക്ലിൻറ് "* എന്ന കുരുന്ന് പ്രതിഭയുടെ ജീവചരിത്രമാണ് ഈ കൃതി. ഇതിൽ ക്ലിൻറ് വരച്ച വശ്യമനോഹര ചിത്രങ്ങളും നമുക്ക കാണാം.



ക്ലിൻറ്

7 വയസ്സാകും മുൻപേ മഴവിൽ നിറങ്ങൾ ചാലിച്ച, അനശ്വരങ്ങളായ ഇരുപതിനായിരത്തിലധികം ചിത്രങ്ങൾ വരച്ചുതീർക്കാൻ ജന്മമെടുത്ത നിറങ്ങളുടെ രാജ...ണ് ക്ലിൻറ്.

20 മിനിറ്റ് നീളമുള്ള ഒരു ലഘുചിത്രം നിർമ്മിക്കുന്നതിന് തയ്യാറായി വന്ന ശിവകുമാർ എന്ന ചലച്ചിത്രകാരന് ഒരു കാര്യം മനസിലായി,ക്ലിന്റിന്റെ ജീവിതവും ചിത്രങ്ങളും അഭ്രപാളികളിൽ ആവിഷ്കരിക്കാൻ ആറുമണിക്കൂർ പോയിട്ട് ആറു ദിവസം പോലും മതിയാവില്ലെന്നസത്യം. കാൽലക്ഷത്തോളം വരുന്ന അവന്റെ ചിത്രങ്ങളിൽനിന്ന് എന്ത് ഒഴിവാക്കണം എന്ത് ചേർക്കണം എന്ന് തീരുമാനിക്കാൻ കഴിയാതെ വരുന്ന ഒരു അവസ്ഥയിലായിരുന്നു ശിവകുമാർ.

1976 മെയ് 19-ന് എറണാകുളം സ്വദേശിയായ മുല്ലപറമ്പിൽ തോമസ് ജോസഫിന്റെയും ഏലൂരിൽ അടുത്ത് മഞ്ഞുമ്മൽ സ്വദേശിനിയായ ചിന്നമ്മയുടെയും മകനായി ക്ലിൻറ് ജനിച്ചു.

അവിശ്വസനീയമാം വിധം , ഇഴഞ്ഞു നടക്കുന്ന പ്രായത്തിൽ അവൻ വരയ്ക്കാൻ തുടങ്ങി. എന്നാൽ ദൗർഭാഗ്യകരമെന്ന് പറയട്ടെ നന്നേ ചെറുപ്പത്തിൽ തന്നെ ക്ലിൻറ്നെ കീഴ്പ്പെടുത്തി കൊണ്ട് അസുഖങ്ങൾ വന്നു തുടങ്ങി. ക്രോണിക് ട്യൂബുലാർ നെഫ്രൈറ്റിസ്ആയിരുന്നുക്ലിന്റിന്റെ രോഗം. പലപല ആശുപത്രികളിൽ മാറിമാറി ചികിത്സിച്ചിട്ടും രോഗം വ്യക്തമായില്ല.

ജീവിതത്തിന്റെ അവസാനനാളുകളിൽ ബൈബിളിലെ ക്രിസ്തുവിന്റെ കുരിശാരോഹണം രംഗം അമ്മയോട് വായിക്കാൻ പറഞ്ഞു .അതുകേട്ടു കൊണ്ട് അവൻ ദൈവങ്ങളുടെ ലോകത്തേക്ക് യാത്രയായി.


എന്റെ പ്രിയപ്പെട്ട കൂട്ടുകാരേ നമുക്ക് വായിക്കാനും കാണാനും പറ്റിയ നല്ലൊരു പുസ്തകമാണ് ഇതെന്ന് എനിക്ക് തോന്നുന്നു.

## ക്ലിൻറ് വരച്ച ചില മനോഹര ചിത്രങ്ങൾ















# മഹത് വചനങ്ങൾ


**വാക്കുകൾ ഇരുതല വാളിനേക്കാൾ മൂർച്ചയുള്ളതും, അത് മനുഷ്യ മനസ്സുകളിലേക്ക് ആഴ്ന്നിറങ്ങി അവരെ സ്വാധീനിക്കാൻ കഴിവുള്ളവയുമാണ്.**

















# മഹത് വചനങ്ങൾ


**വാക്കുകൾ ഇരുതല വാളിനേക്കാൾ മൂർച്ചയുള്ളതും, അത് മനുഷ്യ മനസ്സുകളിലേക്ക് ആഴ്ന്നിറങ്ങി അവരെ സ്വാധീനിക്കാൻ കഴിവുള്ളവയുമാണ്.**




















# "മഹത് വചനങ്ങൾ"

**വാക്കുകൾ ഇരുതല വാളിനേക്കാൾ മൂർച്ചയുള്ളതും, അത് മനുഷ്യ മനസ്സുകളിലേക്ക് ആഴ്ന്നിറങ്ങി അവരെ സ്വാധീനിക്കാൻ കഴിവുള്ളവയുമാണ്.**





















# കൂനത്തറയിലെ അക്ഷര മുത്തശ്ശി (കവിത)


കെ പി ബാലൻ, (പി ടി എ പ്രസിഡൻറ്)

അമ്പത്തൊന്നക്ഷരം  തൊട്ടു തുടങ്ങിയ
അങ്കണത്തെന്മാവിൽ ചുവട്ടിലായ്
കറ്റക്കളത്തിന്റെ  പാർശ്വഭാഗങ്ങളിൽ
ഉരുവിട്ട പുസ്തകതാളും  മറിയുന്ന
ഹരിശ്രീ കുറിച്ചുള്ള ഗുരുവിൻ വന്ദനവും
നവതി കഴിഞ്ഞൊരു പുണ്യ വിദ്യാലയം
ഗ്രാമത്തിൻ നെറുകയിൽ എത്തിനോക്കപ്പെടും
ഒരുപിടി മനസ്സുകൾ ഒന്നായി വളർത്തിയ
കാലഘട്ടത്തിൽ കരുത്തുറ്റ വിദ്യയും
അറിവുകൾ പടവാളായ് സ്വായത്തമാക്കിയ
മനസ്സിന്റെ സ്പന്ദനം പകർന്നുകൊടുത്തൊരു
കൂനത്തറ നെഞ്ചിലേറ്റിയ പൊതുപള്ളിക്കൂടം
അറിവിന്റെ ആത്മാവിൽ നൂതന ആശയം
ദിനംതോറും വിടരുന്ന കാഴ്ചപ്പാടും
എല്ലാം സവിശേഷമാക്കുന്ന പ്രസരിപ്പും
മാറ്റുരയ്ക്കുന്ന ശിക്ഷണം രക്ഷയും
രാവുകൾ പകലായ വികസന പാതയും
തരംതിരിവുകളില്ലാത്ത പഠന വൈഭവവും
നമിച്ചിടാം  നമുക്കീ അറിവു പകരും മുത്തശ്ശിയെ



Little KITEs @ GHS koonathara

# 10 ബി യിലെ ഹസ്സൻ മുബാരക്
## *വരച്ച കാർട്ടൂൺ ചിത്രം*



# നിഴൽ തോൽപ്പാവക്കൂത്ത് ചരിത്രം

*( തോൽപ്പാവക്കൂത്ത് കലാകാരനായ ശ്രീ കെ കെ രാമചന്ദ്ര പുലവരുമായി കൂനത്തറ ഗവൺമെൻറ് സ്കൂളിലെ പത്താം ക്ലാസിലെ അമൽ ശങ്കറും രഞ്ജിത്തും ചേർന്നുനടത്തിയ അഭിമുഖത്തെ തുടർന്ന് തയ്യാറാക്കിയ ലേഖനം )*



തോൽപ്പാവക്കൂത്ത് കലാരൂപം ആരംഭിച്ചിട്ട് എത്ര കാലമായി എന്ന് കൃത്യമായി നിശ്ചയിക്കപ്പെട്ടിട്ടില്ല .

ഇന്ന് കവളപ്പാറ ദേശത്ത് നിലവിലുള്ള പുലവർ കുടുബത്തിന് ഈ കലാരൂപം കൈമാറി വന്നിട്ട് 13 തലമുറ കഴിഞ്ഞിരിക്കുന്നു. ആന്ധ്രയിൽ നിന്ന് ഉൽഭവിച്ച് തമിഴ്നാട്ടിലെ തഞ്ചാവൂർ ആണ് തോൽപ്പാവക്കൂത്തിന്റെ ആസ്ഥാനം. കവളപ്പാറ രാജാവ് കൊല്ലംകോട് രാജാവിന്റെ കൈയിൽനിന്ന് കലാകാരന്മാരെ വിലയ്ക്കുവാങ്ങി ഈ കലാരൂപം കവളപ്പാറ ദേശത്ത് ആരംഭിച്ച എന്നാണ് ഐതിഹ്യം.

കവളപ്പാറ സ്വരൂപത്തിൽ സന്താനങ്ങളില്ലാതെ വംശം മുടിയും എന്ന നില വന്നപ്പോൾ ഏറെ ദുഃഖിതനായ കവളപ്പാറ മൂപ്പിൽ നായർ നേർന്ന ഒരു വഴിപാടാണ് മലയാളനാട്ടിൽ തോൽപ്പാവക്കൂത്തിന് തുടക്കം കുറിച്ചത് എന്നും പറയുന്നു.ശ്രീരാമ അവതാരം മുതൽ രാവണവധം കഴിഞ്ഞ് ശ്രീരാമപട്ടാഭിഷേകം വരെയുള്ള കഥ പ്രത്യേക കൂത്തുമാടം നിർമ്മിച്ച് ദേവിക്ക് സമർപ്പിച്ച എന്നതാണ് ചരിത്രം.

ഏകദേശം 400 കൊല്ലങ്ങൾക്ക് മുമ്പ് ആരംഭിച്ച ഈ കലാരൂപം രൂപകല്പന ചെയ്തത് കൂനത്തറ ചിന്നത്തമ്പി പുലവരായിരുന്നു എന്ന് പറഞ്ഞു



Little KITEs @ GHS koonathara

കേൾക്കുന്നു.മധുരയിൽ നിന്നും കലാകാരന്മാരെ കൊണ്ടുവന്ന മാൻതോൽ കൊണ്ടുണ്ടാക്കിയ 150 പാവകളാണ് അന്ന് നിർമ്മിച്ചത് മറ്റുക്ഷേത്രങ്ങളിലെല്ലാം ആര്യങ്കാവിലെ പിന്തുടർന്ന് തോൽപ്പാവക്കൂത്ത് നടത്തിയെങ്കിലും സമ്പൂർണ്ണ രാമായണം കഥ അവതരിപ്പിക്കുന്നത് കവളപ്പാറയിൽ മാത്രമാണ് .ആസ്വാദകരുടെ അഭാവംമൂലം അമ്പതോളം ക്ഷേത്രങ്ങൾ മാത്രമാണ് ഇന്ന് തോൽപ്പാവക്കൂത്ത് അവതരിപ്പിക്കുന്നത്.

. കേരളത്തിലെ ഏക നിഴൽ നാടക രൂപമായ തോൽപ്പാവ കൂത്തിന് ഈ പേരു വരാൻ കാരണം തോലു കൊണ്ടു നിർമ്മിച്ച പാവകൾഉപയോഗിച്ചതിനാലാണ്

പാവകളി കേരളത്തിൽ പാലക്കാട് ജില്ലയിൽ പരുത്തിപ്പുള്ളി എന്ന സ്ഥലത്താണ് ആരംഭിച്ചത്. പാവകളി ലോകത്തിന്റെ എല്ലാ ഭാഗത്തും നിലനിൽക്കുന്നുണ്ട്. മനുഷ്യന്റെ സംസ്കാരത്തെ വളർത്തിയെടുക്കാൻ പാവകളിയിലൂടെ സാധിക്കുമെന്ന അടിസ്ഥാനത്തിലാണ് ലോകമെമ്പാടും പാവകളി അരങ്ങേറുന്നത്. തോൽപ്പാവക്കൂത്തിലെ ഒരു രീതിയാണ് നിഴൽ പാവക്കൂത്ത് . രാമായണ കഥയെ അടിസ്ഥാനമാക്കിയാണ് പ്രധാനമായും ആദ്യകാല കൂത്ത് അരങ്ങേറിയിരുന്നത്. കാണികളെ വേഗത്തിൽ രസിപ്പിക്കാൻ വേണ്ടി വിദൂഷകൻ എല്ലാ കഥകളിലുംഉണ്ടായിരുന്നു.

തോൽപ്പാവക്കൂത്ത് കളിയുടെ വിഡിയോ കാണാൻ

## ഇവിടെ ക്ലിക്ക് ചെയ്യുക

രാമരാവണ യുദ്ധവും ദ്വാരക വധവും ഒരേസമയത്ത് നടന്നതുകൊണ്ട് രാമരാവണ യുദ്ധസമയത്ത് യുദ്ധം കാണാൻ കഴിയാതെ വന്ന ഭദ്രകാളിയെ പ്രീതിപ്പെടുത്തുന്നതിന് വേണ്ടിയാണ് ദേവീക്ഷേത്രങ്ങളിൽ കൂത്തു മാടങ്ങളിൽ കൂത്ത് നടക്കുന്നത് എന്നാണ് ഐതിഹ്യം . പരമശിവൻ തന്നെ കമ്പരായി അവതരിച്ച രചിക്കപ്പെട്ടതാണ് കമ്പരാമായണം. രാമായണ കഥ അവതരിപ്പിക്കുന്ന തോൽപ്പാവക്കൂത്ത് കളി കാണുവാൻ, ഈ കളി അവതരിപ്പിച്ചിരുന്ന ക്ഷേത്രങ്ങളിൽ ദേവിയുടെ സാന്നിധ്യം ഉണ്ടായിരുന്നുവെന്നുമാണ് ഐതിഹ്യം. പാലക്കാട് , തൃശ്ശൂർ, മലപ്പുറം ജില്ലയിലെ ചിലഭാഗങ്ങളിൽ ഭദ്രകാളി തോൽപ്പാവക്കൂത്ത് കളി കാണാൻ വന്നിരുന്നു എന്നാണ് വിശ്വാസം.

കേരളത്തിലെ ഏകദേശം 85 ക്ഷേത്രങ്ങളിൽ പുലവർകുടുംബം തോൽപ്പാവക്കൂത്ത് കളി നടത്തിയിരുന്നു. ഇവരുടെ പൂർവികൻ ചിന്നത്തമ്പി വാധ്യാർ ആണ് രാമായണ കഥ ഭദ്രകാളി ദേവി ക്കുവേണ്ടി ചിട്ടപ്പെടുത്തിയത് എന്നാണ് ഐതിഹ്യം. പുലവർ എന്നത് തോൽപ്പാവക്കൂത്ത് നടത്തിയിരുന്ന കലാകാരന്മാർക്ക് രാജാവ് നൽകിയ സ്ഥാനപ്പേരാണ്. വാധ്യാർ എന്നായിരുന്നു പൂർവിക സ്ഥാനപ്പേര്. അറിവുള്ളവൻ, ജ്ഞാനമുള്ളവൻ, മികവുറ്റവൻ എന്നെല്ലാമാണ് ഈ സ്ഥാന പേരിന്റെ അർത്ഥം.



തോൽപ്പാവക്കൂത്ത് നടത്തുന്ന പ്രത്യേക സ്ഥലത്തിന് കൂത്തുമാടം എന്നാണറിയപ്പെടുന്നത്. ഇതിന് 42 അടി നീളമുണ്ടായിരിക്കും. കേരളത്തിലെ ആദ്യത്തെ വിപ്ലവ കലകൂടിയാണ് തോൽപ്പാവക്കൂത്ത്.

ആദ്യകാലത്ത് ക്ഷേത്രത്തിനുള്ളിൽ അവതരിപ്പിച്ചിരുന്ന കൂത്ത് പിന്നീട് പ്രത്യേക കൂത്തുമാടത്തിൽ മാറ്റപ്പെടുകയും എല്ലാ സമുദായക്കാർക്കും കൂത്ത് കാണാൻ വേണ്ടി പാകപ്പെടുത്തുകയും ചെയ്തു.ആദ്യ കാലങ്ങളിൽ കലാരൂപം പൂർണ്ണരൂപത്തിൽ അവതരിപ്പിക്കുവാൻ 15 കലാകാരന്മാരെ എങ്കിലും ആവശ്യമായിരുന്നു. എന്നാലിന്ന് അത് ചുരുങ്ങി രണ്ടുപേരിൽ ഒതുങ്ങിയിരിക്കുന്നു.ആദ്യകാലങ്ങളിൽ മാൻ തോല് കൊണ്ടാണ് കൂത്തിന് ആവശ്യമായ പാവകളെ നിർമ്മിച്ചിരുന്നത്. ഇന്ന് മാൻ തോൽ ലഭ്യമല്ലാത്തതുകൊണ്ട് മറ്റ ജീവികളുടെ തോൽ ഉപയോഗിച്ചാണ് പാവകളെ നിർമ്മിക്കുന്നത്.ചന്ദ്രക്കല,അർദ്ധചന്ദ്രൻ,പൂർണ്ണചന്ദ്രൻ,സൂര്യൻ,നെൽമണി എന്നിവ പാവകളിൽ നടത്തുന്ന കൊത്തുപണികൾ ആണ്.

ഇന്നത്തെ സിനിമയുടെ രൂപമാണ് നിഴൽ തോൽപ്പാവക്കൂത്ത് കളി. ആദ്യകാലങ്ങളിൽ രാമായണ കഥ മാത്രമാണ് തോൽപ്പാവക്കൂത്ത് വഴി അവതരിപ്പിച്ചിരുന്നത്. എന്നാലിന്ന് സാമൂഹിക രാഷ്ട്രീയ മേഖലകളിലെ പ്രമുഖവ്യക്തികളുടെ ജീവചരിത്രത്തെ ആധാരമാക്കിയുള്ള കഥകളും തോൽപ്പാവക്കൂത്തിലൂടെ അവതരിപ്പിക്കുന്നു.

സ്ത്രീ ശാക്തീകരണം, ജലസംരക്ഷണത്തിന്റെ ആവശ്യകത, ഗാന്ധി കൂത്ത്, യേശു കൂത്ത്, പഞ്ചതന്ത്രം കഥകൾ, മഹാബലി ചരിതം, മഹാഭാരതം ദുര്യോധന വധം ഇവയും അവതരിപ്പിക്കുന്നു.യേശുക്രിസ്തുവിന്റെ ജീവചരിത്രത്തെ ആസ്പദമാക്കി തയ്യാറാക്കിയ യേശു കൂത്ത് തോൽപ്പാവക്കൂത്ത് കളി യൂറോപ്യൻ രാജ്യങ്ങളിൽ ഏറെ പ്രശംസ പിടിച്ചുപറ്റിയ തോൽപ്പാവക്കൂത്ത് കലാരൂപമാണ്.

## തോൽപ്പാവക്കൂത്ത് കലാകാരനായ ശ്രീ കെ കെ രാമചന്ദ്ര പുലവർ



1960 മെയ് അഞ്ചാം തിയതി പാലക്കാട് ജില്ലയിലെ ഷൊർണ്ണൂരിൽ ജനനം. ശ്രീ കെ കെ രാമചന്ദ്ര പുലവർ കൂനത്തറയിലെ പരമ്പരാഗതമായി തോൽപ്പാവക്കൂത്ത് നടത്തിവരുന്ന കുടുംബത്തിലാണ് ജനിച്ചത്. ഇദ്ദേഹത്തിന്റെ കുടുംബം കഴിഞ്ഞ എട്ട് തലമുറയായി നിഴൽ തോൽപ്പാവക്കൂത്ത് നടത്തിവരുന്നു. ഇദ്ദേഹത്തിന്റെ അച്ഛൻ അതിപ്രശസ്തനായ തോൽപ്പാവക്കൂത്ത് കലാകാരൻ കെ എൽ കൃഷ്ണൻകുട്ടി പുലവർ ആണ്. ഇന്ന് പാലക്കാട്, തൃശ്ശൂർ,മലപ്പുറം ജില്ലകളിലെ ഏകദേശം 40 ക്ഷേത്രങ്ങളിൽ രാമചന്ദ്ര പുലവർ നിഴൽ തോൽപ്പാവക്കൂത്ത് നടത്തിവരുന്നു. ഈ മേഖലയിലുള്ള ഇദ്ദേഹത്തിന്റെ കഴിവിന്റെ അംഗീകാരമായി കഴിഞ്ഞ പത്തുവർഷമായി സി സി ആർ ടി യിൽ വർക്ഷോപ്പുകളിൽ രാമചന്ദ്ര പുലവർ ഒരു ട്രെയിനിംഗ് ടീച്ചറായി പ്രവർത്തിച്ചുവരുന്നു. ഇദ്ദേഹം ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ മാത്രമല്ല വിദേശ രാജ്യങ്ങളായ റഷ്യ, സ്വീഡൻ, സ്പെയിൻ, അയർലൻഡ്, ജർമ്മനി, ഗ്രീസ്, സിംഗപ്പൂർ ,ഹോളണ്ട്, പോളണ്ട്, ഇസ്രയേൽ, തായ്‌ലൻഡ്, മസ്കറ്റ്, ചൈന എന്നീ രാജ്യങ്ങളിലും നിഴൽ പാവക്കൂത്ത് നടത്തിവരുന്നു.



Little KITEs @ GHS koonathara

അച്ഛനായ കൃഷ്ണൻകുട്ടി പുലവരുടെ ഓർമ്മയ്ക്കായി കൂനത്തറയിൽ " കൃഷ്ണൻകുട്ടി പുലവർ മെമ്മോറിയൽ തോൽപ്പാവക്കൂത്ത് സെൻറർ" സ്ഥാപിച്ചു. ഇതുവഴി ഈ കലാരൂപത്തെ സംരക്ഷിക്കുന്നതിനും, പുതുതലമുറയെ തോൽപ്പാവക്കൂത്ത് കളി പരിശീലിപ്പിക്കാനും, തോൽപ്പാവക്കൂത്ത് ആവശ്യമായ പാവകളെ നിർമ്മിക്കാനുള്ള പരിശീലനവും നൽകിവരുന്നു. കൂനത്തറ ഗവൺമെൻറ് സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്കും തോൽപ്പാവക്കൂത്ത് കളി പരിശീലിപ്പിക്കുകയും ശ്രീ രാമചന്ദ്ര പുലവർ കൊപ്പം വിവിധ സ്ഥലങ്ങളിൽ അവരുടെ കഴിവ് പ്രകടിപ്പിക്കുവാനുള്ള അവസരവും ലഭിച്ചിട്ടുണ്ട്.

കേന്ദ്ര ഗവൺമെൻറിന്റെ സാംസ്കാരിക വകുപ്പിൽനിന്ന് 1990 ൽ ജൂനിയർ ഫെലോഷിപ്പും , 2004 ൽ സീനിയർ ഫെല്ലോഷിപ്പും നേടി.

തോൽപ്പാവക്കൂത്തിന്റെ ഉൽഭവവും, ചരിത്രവും, വികാസവും വിവരിക്കുന്ന" തോൽപ്പാവക്കൂത്ത് "എന്ന ഗ്രന്ഥം മലയാളത്തിൽ രചിച്ചിട്ടുണ്ട്.

തോൽപ്പാവക്കൂത്ത് കളിക്ക് ആവശ്യമായ പാവ നിർമ്മാണത്തിന്റെ മികവിന് രാമചന്ദ്ര പുലവർക്ക് മദ്രാസ് ഗവൺമെൻറിന്റെ ക്രാഫ്റ്റ് ഫൗണ്ടേഷൻ 2008 ൽ "ദക്ഷിണ ചിത്ര വിരുധു" പുരസ്കാരം നൽകി ആദരിച്ചു.

2011 ൽ തായ്‌ലൻഡ് ഗവൺമെൻറ് ആദരിച്ചു.

2011 ൽ ഡോക്ടർ ബി ആർ അംബേദ്കർ അവാർഡ് നൽകി പുലവരെ അംഗീകരിച്ചു.

2012 കേരള സംസ്ഥാന ഫോക്ക്‌ലോർ അക്കാദമി അവാർഡ് ലഭിച്ചു.

2013 കേരള സംഗീത നാടക അക്കാദമി അവാർഡ് ലഭിച്ചു.



Renjith & Amalsanker

to see more videos about

ഇവിടെ ക്ലിക്ക് ചെയ്യുക



Little KITES @ GHS koonathara

# ദിൽജിത്തിന്റെ ചിത്രരചന







**Diljith 5 th STD**

# 2018--19 ACADEMIC YEAR CLASS WISE PHOTOS



LKG / UKG



STD 1

# 2018--19 ACADEMIC YEAR CLASS WISE PHOTOS



STD 2



STD 3

# 2018--19 ACADEMIC YEAR CLASS WISE PHOTOS



STD 4



STD 5

# 2018--19 ACADEMIC YEAR CLASS WISE PHOTOS



STD 6



STD 7

# 2018--19 ACADEMIC YEAR CLASS WISE PHOTOS



STD 8 A



STD 8 B

# 2018--19 ACADEMIC YEAR CLASS WISE PHOTOS





# 2018--19 ACADEMIC YEAR CLASS WISE PHOTOS



STD 9 B



STD 9 C

# 2018--19 ACADEMIC YEAR CLASS WISE PHOTOS



STD 10 A



STD 10 B

# കവളപ്പാറ ദേശം ചരിത്രം

ഭാരതത്തിന് സ്വാതന്ത്ര്യം കിട്ടുന്നതിന് മുൻപ് കേരളത്തിലെ ഭൂപ്രദേശങ്ങൾ മുഴുവൻ പ്രധാനമായും മൂന്ന് നാട്ടുരാജാക്കന്മാരുടെ കൈവശമായിരുന്നു. കൊച്ചിയും തിരുവതാംകൂറും സാമൂതിരിയും ആയിരുന്നു ഈ മൂന്നുപേർ . മലബാർ പ്രദേശത്തുള്ള ചെറിയ നാട്ടുരാജ്യങ്ങൾ എല്ലാം തന്നെ സാമൂതിരിയുടെയോ കൊച്ചിയുടെയോ മേൽകോയ്മ അംഗീകരിച്ചിരുന്നു. എന്നാൽ കവളപ്പാറ ദേശം തിരുവതാംകൂറിന്റെ മേൽക്കോയ്മയാണ് അംഗീകരിച്ചത്.



വള്ളുവനാട്ടിലെ ഏറ്റവും ശക്തനായ ഭരണാധികാരിയായി ചരിത്രം കവളപ്പാറ ദേശം ഭരിച്ചിരുന്ന കവളപ്പാറ മൂപ്പിൽ നായരേ വിശേഷിപ്പിച്ചിട്ടുള്ളത്. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് കവളപ്പാറ നായർ പടയാളികൾ ബ്രിട്ടീഷ് പട്ടാളത്തിന് സഹായത്തോടെ ടിപ്പുവിനെ യുദ്ധത്തിൽ തോൽപ്പിച്ചിരുന്നു.

കേരളത്തിലെ ആദ്യത്തെ കന്നുകാലി ചന്ത വാണിയംകുളത്ത് നടപ്പാക്കിയത് കവളപ്പാറ മൂപ്പിൽ നായരാണ് .ആദ്യകാലങ്ങളിൽ ഹിന്ദുക്കൾക്ക് മാത്രമായിരുന്നു കവളപ്പാറ ദേശത്ത് താമസിക്കുവാൻ അനുവാദം ഉണ്ടായിരുന്നത്. വളരെ ശക്തമായ ഒരു ഭരണസംവിധാനം ആയിരുന്നു കവളപ്പാറ ദേശത്ത് ഉണ്ടായിരുന്നത് .കേരള വാസ്തുശിൽപ മാതൃകയുടെ ഉത്തമ ഉദാഹരണമാണ് കവളപ്പാറ കൊട്ടാരം. വിശാലമായ പറമ്പിലാണ് കൊട്ടാരം നിലനിൽക്കുന്നത്. കൊട്ടാരത്തോട് ചേർന്ന് ഒരു പാമ്പും കാവും, വാണിഭ ചന്ത നടന്നിരുന്ന സ്ഥലവുമുണ്ട്.

കൊട്ടാരത്തോട് ചേർന്ന് എറുപേ ശിവക്ഷേത്രം സ്ഥിതി ചെയ്യുന്നു . ഒരു ഊട്ടുപുരയും ചെറിയൊരു മുറ്റവും അമ്പലത്തിനെ കൊട്ടാരത്തിൽ നിന്ന് വേർതിരിക്കുന്ന എറുപേ ശിവക്ഷേത്രത്തിൽ വർഷത്തിൽ ഏഴ് ദിവസത്തെ ഉത്സവം നടക്കാറുണ്ട് എട്ടാം ദിവസമാണ് ആറാട്ട് എറുപേ ശിവക്ഷേത്രം പ്രാചീനമായ ഒരു സങ്കേതമാണ് .മൂപ്പിൽ നായർ നിർമ്മിച്ച ക്ഷേത്രങ്ങളിൽ വച്ച് ഏറ്റവും

പ്രസിദ്ധമായ ക്ഷേത്രം ഇതാണ്. കരിങ്കല്ലിൽ കൊത്തുപണികൾ ചെയ്ത വൃത്താകാരത്തിലാണ് ശ്രീകോവിലിന്റെ നിർമ്മിതി. വളരെ ശക്തിയും ചൈതന്യവും സ്ഫുരിക്കുന്ന ശിവ പ്രതിഷ്ഠയായതിനാൽ പ്രതിഷ്ഠയുടെ നേരെ ശ്രീകോവിലിൽ പ്രവേശിക്കാൻ പാടില്ല . ശ്രീകോവിലിന്റെ പിൻവാതിലിലൂടെ മാത്രമേ ഭക്തർക്ക് പ്രവേശനം അനുവദിച്ചിട്ടുള്ളൂ .മൂപ്പിൽ നായർ സ്വയംഭൂവായ ശിവനെ പ്രതിഷ്ഠിച്ച ഏക ശിവക്ഷേത്രവും ഇതാണ്

കവളപ്പാറ സ്വരൂപത്തിൽ സന്താനങ്ങളില്ലാതെ വംശം മുടിയും എന്ന നില വന്നപ്പോൾ ഏറെ ദുഃഖിതനായ കവളപ്പാറ ഗണപതി രാവുണ്ണി മൂപ്പിൽ നായർ നേർന്ന ഒരു വഴിപാടാണ് മലയാളനാട്ടിൽ തോൽപ്പാവക്കൂത്ത് തുടക്കം കുറിച്ചത് പഴമക്കാർ പറയുന്നു.







Little KITES @ GHS koonathara

ശ്രീരാമാവതാരം മുതൽ രാവണവധം കഴിഞ്ഞ് ശ്രീരാമപട്ടാഭിഷേകം വരെ തോൽപ്പാവക്കൂത്തിലൂടെ പ്രത്യേകം കൂത്തുമാടം നിർമ്മിച്ച് കവളപ്പാറ ആര്യങ്കാവ് ദേവിക്ക് സമർപ്പിച്ചു എന്നാണ് ചരിത്രം.

ആര്യങ്കാവ് ക്ഷേത്ര പരിസരത്തിന്റെ വീഡിയോ കാണാൻ
**ഇവിടെ ക്ലിക്ക് ചെയ്യുക**

ഏകദേശം 400 കൊല്ലങ്ങൾക്കുമുമ്പ് ആരംഭിച്ച ഈ കലാരൂപം രൂപകൽപ്പന ചെയ്തത് കൂനത്തറ ചിന്നതമ്പി പുലവർ ആയിരുന്നുവെന്ന് പറഞ്ഞുകേൾക്കുന്നു .തഞ്ചാവൂരിൽ നിന്നും മധുരയിൽനിന്നും കൊണ്ടുവന്ന കലാകാരന്മാരെ കൊണ്ട് മാൻതോലുകൊണ്ട് ആണ് ഏകദേശം 150 പാവകളെ നിർമ്മിച്ചത് .മറ്റ ക്ഷേത്രങ്ങളിലെല്ലാം കവളപ്പാറ സ്വരൂപത്തിലെ ആര്യങ്കാവ് ക്ഷേത്രത്തിലെ തോൽപ്പാവക്കൂത്തിനെ തുടർന്ന് കേരളത്തിലെ പല ക്ഷേത്രങ്ങളിലും കൂത്ത് നടത്തിയിരുന്നെങ്കിലും സമ്പൂർണ്ണ രാമായണം കഥ അവതരിപ്പിക്കുന്നത് ഇന്നും കവളപ്പാറ ആര്യങ്കാവ് ഭഗവതി ക്ഷേത്രത്തിൽ മാത്രമാണ്.

മലയാളത്തിലെ പ്രമുഖമായ പല സിനിമകളുടെയും ലൊക്കേഷനായിരുന്നു കവളപ്പാറ കൊട്ടാരവും പരിസരവും. ദൗർഭാഗ്യവശാൽ സ്വത്ത് തർക്കത്തെ തുടർന്ന് കവളപ്പാറ കൊട്ടാരം ഏക്കറുകണക്കിനുള്ള ഭൂപ്രദേശവും കോടതിയുടെ പരിഗണനയിലും റിസീവർ ഭരണത്തിലുമാണ് ഇപ്പോൾ.





Little KITEs @ GHS koonathara

# മുരളി സാറിനെ കുറിച്ച്



1997 ഫെബ്രുവരി മാസത്തിൽ കുമരനെല്ലൂർ ഗവൺമെൻറ് ഹൈസ്കൂൾ ക്ലർക്കായി ഔദ്യോഗികജീവിതം ആരംഭിച്ചു. തുടർന്ന് വാടാനംകുറുശ്ശി ഗവൺമെൻറ് ഹൈസ്കൂൾ, എ ഇ ഒ ഓഫീസ് ചെർപ്പുള്ളശ്ശേരി ,ഒറ്റപ്പാലം ഈസ്റ്റ് ഗവൺമെൻറ് ഹൈസ്കൂൾ, എന്നിവിടങ്ങളിലെ സേവനത്തിനുശേഷം 2017 ജൂലൈ മുതൽ കൂനത്തറ ഗവൺമെൻറ് ഹൈസ്കൂളിൽ സേവനമനുഷ്ഠിക്കുന്നു. കഴിഞ്ഞ 22 വർഷത്തെ സേവന കാലയളവിനുള്ളിൽ സർവീസ് സംബന്ധമായ വിഷയങ്ങളിൽ അവഗാഹമായ അറിവ് നേടിയിരിക്കുന്നു.

ഈ അറിവുകളും പരിചയസമ്പത്തും ഉപയോഗിച്ചുകൊണ്ട്

mualipanamanna.wordpress.com

എന്നപേരിൽ ഒരു ബ്ലോഗ് മുരളിസാർ ആരംഭിച്ചിട്ടുണ്ട്. ഇതിൽ കേരള സർക്കാരിന്റെ കാലാകാലങ്ങളിലുള്ള സർവീസ് സംബന്ധമായ ഉത്തരവുകളും അറിയിപ്പുകളും ലഭ്യമാണ്. ഇതുകൂടാതെ വിദ്യാഭ്യാസമേഖലയിൽ ജോലിചെയ്യുന്ന അധ്യാപകർക്കും, ഓഫീസ് ജീവനക്കാർക്കും ഉപകാരപ്രദമായ ധാരാളം സോഫ്റ്റ് വെയറുകളും, വിവിധ സർക്കാർ ആവശ്യങ്ങൾക്കായുള്ള അപേക്ഷാഫോമുകൾ ,മറ്റു രേഖകളുടെ ലിങ്കുകൾ ഈ സൈറ്റിൽ ലഭ്യമാണ്.

ബ്ലോഗിന്റെ ലിങ്ക് ലഭിക്കുവാൻ ഇവിടെ **ക്ലിക്ക്** ചെയ്യുക

സർവീസ് സംബന്ധമായ സംശയങ്ങൾക്കും സഹായത്തിനുമായി മുരളി സാറിനെ ബന്ധപ്പെടുവാനുള്ള അഡ്രസ്സ് ചുവടെ ചേർക്കുന്നു.

മുരളീധരൻ കെ പി
ഫോൺ നമ്പർ : 9745513090
ഇമെയിൽ ID : murali.pnmg@gmail.com





Little KITEs @ GHS koonathara

# LITTLE KITEs

‘Little KITEs’ IT Clubs is an unique initiative of KITE, which feature over 1 lakh student members. The Hi-School Kuttikootam programme, which was part of the Public Education Rejuvenation Mission of the State Government, through which students were given intense training in 5 areas such as Animation, Cyber Safety, Malayalam Computing, Hardware and Electronics, has been structurally upgraded in Student Police Cadets model, thus becoming ‘Little KITEs IT Clubs’. Little KITEs is set to become the largest Student IT Network in the Country.

Hon. Chief Minister, Shri. Pinarayi Vijayan has launched this unique initiative on 22nd January 2018 at Thiruvananathapuram. In addition to the already identified 5 Core areas, more topics have been added such as Development of Mobile Apps, Programming, Robotics, E-Commerce, E-Governance, Video Documentation, Web TV etc to the activity bouquet of 'Little KITEs`.



## Objectives of Little KITES programme

1. To encourage the natural interest of students in ICT field and to create a culture for appropriate usage of technology and software.

2. To provide an opportunity for students to learn the different perspectives of ICT tools, so as to make use of them for their learning activities.

3. To ensure participation of students in the usage and upkeeping on ICT equipments at schools, thereby increasing the productivity of the school is ICT enabled learning.

4. To empower students to undertaken minor technical issues of ICT equipments.

5. To enrich students on proper and safe internet usage and cyber security, and also to inculcate the importance of language computing.

## Little Kites Club Team @ GHS koonathara



# കൂനത്തറ സ്ക്കൂളിലെ അരയാൽ മുത്തശ്ശിയുടെ ഭാവമാറ്റങ്ങൾ


1


2


3


4



Little KITES @ GHS koonathara

# കൂനത്തറ സ്കൂളിലെ അരയാൽ മുത്തശ്ശിയുടെ ഭാവമാറ്റങ്ങൾ



5



6



7



8



Little KITES @ GHS koonathara

# GHS KOONATHARA STAFF PHOTO 2019



# GHS KOONATHARA P.T.A EXECUTIVE COMMITTEE 2018-19



# വാണിയംകുളം കന്നുകാലി ചന്ത
# പഴമയുടെ പ്രതാപം

For video watch click here













little KITES @ GHS koonathara

വാണിയംകുളം ചന്ത , കവളപ്പാറ സ്വരൂപത്തോടു ചേർന്ന് വളർന്നുവന്നതാണ്.

വാണിയംകുളം ചന്ത പ്രസിദ്ധമായ കന്നുകാലി ചന്ത കൂടിയാണ്.

കേരളത്തിൽ ആദ്യമായി തുടങ്ങിയ കാലി ചന്ത ഇതാണെന്ന് ദേശവാസികൾ പറയുന്നു.

തമിഴ്നാട്ടിലെ ഒട്ടൻ ചത്രം, പഴനി, മധുര, ഡിൻഡിഗൽ തുടങ്ങിയ ഒട്ടേറെ സ്ഥലങ്ങളിൽ നിന്നും കാലികളെ ഇവിടെ കൊണ്ടുവന്ന് വിൽക്കുന്നു.

കൊച്ചിയിലോ ,വടക്കൻ മലബാറിലോ ഇത്രയും പഴക്കമുള്ള കാലി ചന്തകൾ വേറെയില്ല.

ഇത് കവളപ്പാറ നായർ പിന്നീട് വാണിയംകുളം പഞ്ചായത്തിന് വിൽക്കുകയായിരുന്നു.

ഇന്നും പഴയകാല പ്രതാപത്തോടെ നടന്നുവരുന്ന ഒരു കന്നുകാലി ചന്തയാണ് വാണിയംകുളത്തെ ഈ ചന്ത.









Little KITES @ GHS koonathara

# വരിക്കാശ്ശേരി മന
## നഷ്ട പ്രതാപത്തിന്റെ ഐശ്വര്യം



പഴയ കാലങ്ങളിലേക്ക് തിരിഞ്ഞുനോക്കുക നല്ലൊരു അനുഭവമാണ്. വള്ളുവനാട്ടിലെ പ്രഗൽഭനായ ഈ മനയെക്കുറിച്ച് പറഞ്ഞു പോകാതെ ഇ-മാഗസിൻ പൂർത്തിയാക്കിയാൽ അത് ഞങ്ങൾ ഞങ്ങളുടെ നാടിനോട് ചെയ്യുന്ന അനീതി കേടാവും.

ഒറ്റപ്പാലത്തിനടുത്തുള്ള മനിശ്ശേരി എന്ന് തനി പാലക്കാടൻ ഗ്രാമത്തിലെ, അതിപ്രശസ്തമായ വളരെ വലിയ ജന്മി തമ്പുരാക്കന്മാരുടെ ഒരില്ലം ആയിരുന്ന വരിക്കാശ്ശേരി മന. നാലുകെട്ടുകൾ, എട്ടു കെട്ടുകൾ, അനേകം പറ  നെല്ല് വിളയുന്ന പാടങ്ങൾ , ധാരാളം ബന്ധുജനങ്ങളും ,അതിഥികളും , പ്രശസ്തരായ ബ്രാഹ്മണരും, സൂര്യപ്രകാശം കാണാത്ത അന്തർജനങ്ങളും , അവരെ സേവിക്കാനായി ധാരാളം ആശ്രിതരും നൂറ്റാണ്ടുകളായി ആചാരബദ്ധമായ ജീവിതം നയിച്ചിരുന്ന ഒരു അതുല്യ മനയായിരുന്ന വരിക്കാശ്ശേരി മന.

ഭൂമിയുടെ വിസ്താരം വെച്ചുനോക്കിയാൽ കേരളത്തിലെ ഏറ്റവുംവലിയ ജന്മിമാരിൽ പെട്ടവരായിരുന്ന വരിക്കാശേരി ഇല്ലക്കാർ. ഒരുകാലത്ത് പ്രശസ്തിയാർജ്ജിച്ച കേരള ചരിത്രത്തിൽ സ്ഥാനം നേടിയ എത്രയോ മനകൾ നിലം പതിച്ചു കഴിഞ്ഞിരിക്കുന്നു. എന്നാൽ ഇന്നും വലിയ കേട്ടുപാടുകളൊന്നുമില്ലാതെ തലയെടുപ്പോടെ നിൽക്കുന്ന മനകളിൽ ഒന്നാണ് വരിക്കാശ്ശേരി മന.



Little KITES @ GHS koonathara

മിനിക്കി തേക്കാത്ത വെട്ടുകല്ലിൽ അസാധാരണമായ ശില്പചാതുരിയോടെ പണിതുയർത്തിയ ഈ നാലുകെട്ടും പത്തായപ്പുരകളും ഒറ്റനോട്ടത്തിൽ തന്നെ പഴമയുടെയും , ഐശ്വര്യത്തിന്റെയും, പാരമ്പര്യത്തിന്റെയും കഥകൾ നമ്മോട് വിളിച്ചുപറയുന്നു.

മലയാളത്തിലെ അതിപ്രശസ്തമായ

## " ദേവാസുരം "

എന്ന സിനിമയിൽ വരിക്കാശ്ശേരി മന

ഒരു കഥാപാത്രം തന്നെയാണ്. ഒരുപക്ഷേ ലോകം മുഴുവനും ഈ മനയെക്കുറിച്ച് അറിയാനും, മന പ്രശസ്തആകാനും കാരണമായത് ആ സിനിമയാണ്.

ഒരുപക്ഷേ

പാമ്പിൻകാവില്ലാത്ത മനകൂടിയാണ് വരിക്കാശ്ശേരി മന.

ജന്മം തന്നെ വിറ്റ് ആഡംബരജീവിതം തുടങ്ങിയതും ,

സാമ്പത്തിക അച്ചടക്കമില്ലായ്മയും,

അതിലുപരി കുടുംബാംഗങ്ങൾ തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങളും, സാമൂഹിക പരിഷ്കരണങ്ങൾ മൂലമുണ്ടായ കൃഷി വൃത്തിയെ കയ്യൊഴിഞ്ഞതും,

മനയുടെ തകർച്ചയ്ക്ക് കാരണമായി.

ഇന്നിപ്പോൾ ഒരു ട്രസ്റ്റിന് കീഴിലാണ് മനയുടെ നിലനിൽപ്പ്.

ധാരാളം സിനിമകളിൽ ഒരു കഥാപാത്രത്തിന്റെ പ്രാധാന്യത്തോടെ തന്നെ പലപ്പോഴും

വരിക്കാശ്ശേരി മന നമ്മുടെ മുന്നിൽ തലയെടുപ്പോടെ വന്നുനിൽക്കുന്നു.

തീർച്ചയായും വരും തലമുറയ്ക്കുവേണ്ടി നമുക്ക് കാത്തു സൂക്ഷിക്കാൻ കഴിയുന്ന ഒരു പൈതൃകമാണ് വരിക്കാശ്ശേരി മന.

## വാണിയംകുളത്തെ
## വിസ്മൃതിയിലാണ്ടുപോയ ഒരു ചരിത്രശേഷിപ്പ്
# ഹെർമൻ ഗുണ്ടർട്ട് ബംഗ്ലാവ്












സ്ക്രൂൾ പ്രവർത്തനങ്ങളുടെ പൂർണ്ണമായ
വിഡിയോ കാണാൻ
താഴെ ക്ലിക്ക് ചെയ്യുക

PART 1

PART 2



Little KITEs

GHS KOONATHARA